# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും · ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2025 ഫെബ്രുവരി 13 | ദീപം 57 | നാളം 48 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# നികുതി ഇളച്ചും പിരിച്ചും

## മോദിയുടെ പൊളിറ്റിക്കൽ മാസ്റ്റർസ്ട്രോക്ക്



**ജോർജ് കള്ളിവയലിൽ**



ആദായനികുതിയിളവുകൾകൊണ്ടു ശ്രദ്ധനേടിയ കേന്ദ്രബജറ്റ്, പക്ഷേ, രാജ്യത്തെ മറ്റു പല മേഖലകളെയും നേരിട്ടും പരോക്ഷമായും ബാധിക്കും. ഇടത്തരക്കാരെ കൈയിലെടുക്കാൻ പതിവിലും ഒരുപടികൂടി കടന്ന് 12 ലക്ഷം രൂപവരെ വരുമാനമുള്ളവരെ ആദായനികുതിയിൽനിന്നൊഴിവാക്കിയതു സ്വാഗതാർഹമായി. ശമ്പളക്കാരായവർക്കു സ്റ്റാൻഡേഡ് ഡിഡക്ഷൻകൂടിയുണ്ടെങ്കിൽ പുതിയ സ്കീമിൽ 12.75 ലക്ഷം രൂപവരെയുള്ള വരുമാനത്തിനു നികുതി വേണ്ട.

ലക്ഷ്യം വോട്ടുകളാണെങ്കിലും വിപ്ലവകരമായ തീരുമാനമാണിത്. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവുംവലിയ ഒറ്റ നികുതിയിളവാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കൃത്യവും തന്ത്രപരവുമായ പൊളിറ്റിക്കൽ മാസ്റ്റർസ്ട്രോക്കുകളിലൊന്നാണു നികുതിയിളവ്.

ബിഹാറിൽ ഈ വർഷം നവംബറിൽ നടക്കുന്ന നിയമസഭാതിരഞ്ഞെടുപ്പിലും ബുധനാഴ്ച നടന്ന ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിലും ജയിക്കുകയെന്ന രാഷ്ട്രീയലക്ഷ്യം ബജറ്റിൽ മറയില്ലാതെ പ്രതിഫലിച്ചു. ഡൽഹിയിൽ ബിജെപിക്കു തുടർച്ചയായ ആറാം പരാജയം ഒഴിവാക്കാൻ ഏതറ്റംവരെയുംപോകാൻ പ്രധാനമന്ത്രി മോദി തീരുമാനിച്ചിരുന്നു. ശമ്പളക്കാരും അല്ലാത്തവരുമായ മധ്യവർഗവോട്ടർമാർ വളരെ കൂടുതലുള്ള നഗരമാണു ഡൽഹി.

നികുതി കുറച്ചു മധ്യവർഗത്തെകൈയിലെടുക്കുകയും ഒപ്പം, മധ്യവർഗത്തിൽനിന്നുള്ള നികുതിവരുമാനം കൂട്ടുകയും ചെയ്യുകയെന്ന തന്ത്രവും കേന്ദ്രസർക്കാരിനുണ്ട്. അമേരിക്കയിൽ 1980 കളിൽ റൊണാൾഡ് റെയ്ഗനും ഡൊണാൾഡ് ട്രംപിന്റെ ആദ്യ ടേമിലും 1980 കളിൽ ബ്രിട്ടണിൽ മാർഗരറ്റ് താച്ചറും ഈ വഴി പരീക്ഷിച്ചു വിജയിച്ചിരുന്നുവെന്ന് സാമ്പത്തികവിദഗ്ധനായ ടി.സി. മാത്യു ചൂണ്ടിക്കാട്ടുന്നു.

ആദായനികുതിയും ഉത്പന്നവിലകളും കുറച്ചതുവഴി ജനങ്ങളുടെ പോക്കറ്റിൽ കൂടുതൽ പണമെത്തി. വിപണിയിൽ വില്പനയും ഇതുവഴി ഫാക്ടറികളിൽ ഉത്പാദനവും കൂടി. തൊഴിലവസരങ്ങൾ വർധിക്കാൻ ഇതു കാരണമായി. അമേരിക്കയിലും ബ്രിട്ടനിലും സാമ്പത്തികവളർച്ചയ്ക്കും പുരോഗതിക്കും ഉപകരിച്ച നയം, പക്ഷേ, അതേപടി ഇന്ത്യയിൽ ആവർത്തിച്ചിട്ടില്ല.

സാമ്പത്തികമാന്ദ്യം നേരിടാനായി സാധാരണക്കാരുടെ പോക്കറ്റിൽ കൂടുതൽ പണം ഉണ്ടാകുകയെന്ന ഡിമാൻഡ് ഉത്തേജകനയത്തിന്റെ ഭാഗം കൂടിയാണ് നിർമലാ സീതാരാമൻ പ്രഖ്യാപിച്ച നികുതിയിളവ്. മധ്യവർഗത്തിന്റെവാങ്ങൽ ശേഷി (പർച്ചേസിങ് പവർ) കൂട്ടുന്നതുവഴി സാമ്പത്തിക വളർച്ചയ്ക്ക് ഉപകരിക്കുമെന്ന സിമ്പിൾ തത്ത്വം. ഒപ്പം ജിഎസ്ടി അടക്കമുള്ള സർക്കാരിന്റെ നികുതിവരുമാനം കൂടുന്നതിനു സഹായിക്കുന്നതാണു നയമെന്നതിൽ സംശയം വേണ്ടാ.

ഇടത്തരം വരുമാനക്കാരുടെ ക്രയശേഷി കൂടുകയും വിപണിയിൽനിന്നു സാധനങ്ങൾ വാങ്ങാൻ കൂടുതൽ പണം കിട്ടുകയും ചെയ്യുമെങ്കിലും ജിഎസ്ടി, എക്സൈസ് കസ്റ്റംസ് തുടങ്ങിയവയിലൂടെ ജനത്തിന്റെ പണം നികുതിയായി സർക്കാർ തിരിച്ചെടുക്കുന്ന സ്ഥിതിയാണ് ഇന്ത്യയിൽ. പന്ത്രണ്ടു ലക്ഷംരൂപവരെ വാർഷികവരുമാനമുള്ളവർക്ക് ഏപ്രിൽമുതൽ നികുതി നൽകേണ്ടതില്ലെന്ന പ്രഖ്യാപനത്തിലൂടെ ഒരുലക്ഷം കോടിയുടെ വരുമാനനഷ്ടമാണു ധനമന്ത്രി ബജറ്റിൽ എടുത്തു പറയുന്നത്. എന്നാൽ, ബജറ്റിന്റെ വിശദമായ വരുമാനം കാണിക്കുന്ന റെസീപ്റ്റ്സ് ബജറ്റ് പരിശോധിച്ചാൽ വ്യക്തമാകുന്നത് മധ്യവർഗക്കാരായ വ്യക്തികളിൽ നിന്നാണു സർക്കാർ അടുത്ത സാമ്പത്തിക വർഷം കൂടുതൽ നികുതി പ്രതീക്ഷിക്കുന്നതെന്നാണ്. ആദായനികുതി മുൻ ഡയറക്ടർ ജനറലും പാലാക്കാരനുമായ ഡോ. സക്കീർ തോമസ് ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്.

ഒരുലക്ഷംകോടിരൂപയുടെ നികുതിയിളവു പ്രഖ്യാപിച്ചെങ്കിലും അടുത്ത സാമ്പത്തിക വർഷം ഇതേ മധ്യവർഗക്കാരിൽ നിന്നുള്ള ആദായനികുതി വരുമാനം കുറയില്ലെന്നതാണു ശ്രദ്ധേയം. 2024-25 സാമ്പത്തികവർഷത്തിൽ 38.53 ലക്ഷം കോടി രൂപയാണു മൊത്തം നികുതിവരുമാനമായി ബജറ്റിൽ പറയുന്നത്. മൊത്തം 42.70 ലക്ഷം കോടി രൂപയാണ് അടുത്ത വർഷം ഈയിനത്തിൽ നികുതിവരുമാനം പ്രതീക്ഷിക്കുന്നത്. അതായത്, 4.17 ലക്ഷം കോടി രൂപ കൂടുതൽ! പത്തു ശതമാനം വർധന. മാജിക് അല്ലിത്.

നടപ്പുസാമ്പത്തികവർഷത്തിലെ വ്യക്തിഗത ആദായനികുതി (പേഴ്സണൽ ഇംകം ടാക്സ്) വരുമാനം 12.5 ലക്ഷം കോടി രൂപയാണ്. മൊത്തം നികുതിവരുമാനത്തിന്റെ ഏകദേശം മൂന്നിലൊന്ന്. ആദ്യമായാണ് വ്യക്തികളിൽനിന്നുള്ള ആദായനികുതി ഇത്രയധികം കൂടുന്നത്. ഇന്ത്യയിലെ നികുതിവരുമാനത്തിന്റെ മൂന്നിലൊന്നും സാധാരണക്കാരും ചെറുകിട, ഇടത്തരം ബിസിനസുകാരും ഉൾപ്പെടെയുള്ള വ്യക്തികളിൽനിന്നാണെന്നു ചുരുക്കം. ഈ വർഷത്തെക്കാളും 14 ശതമാനം കൂടുതൽ (14.38 ലക്ഷം കോടി രൂപ) ആണ് അടുത്ത സാമ്പത്തികവർഷം വ്യക്തിഗത ആദായനികുതിയായി സർക്കാർ സ്വരൂപിക്കുന്നത്.

കുറെയധികം പേർ നികുതിയിൽനിന്നൊഴിവാകുമെങ്കിലും പുതിയതും നിലവിലുള്ളതുമായി ആദായനികുതി നൽകുന്നവരുടെ എണ്ണത്തിൽ വലിയ വർധനയുണ്ടാകുമെന്നു കരുതാം. 2023-24 ൽ 10.4 കോടി പേരായിരുന്നു ആദായനികുതി അടച്ചതെന്ന് പ്രത്യക്ഷനികുതി ബോർഡിന്റെ കണക്കിലുണ്ട്. ഒരു പതിറ്റാണ്ടുമുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയാണിത്. നികുതി നൽകുന്ന വ്യക്തികളുടെ നികുതികളിലും വർധനയുണ്ടാകുമെന്നു കേന്ദ്രം പ്രതീക്ഷിക്കുന്നു.

ഫലത്തിൽ, ധനമന്ത്രി പ്രഖ്യാപിച്ച നികുതിനഷ്ടമല്ല; മറിച്ച്, വ്യക്തിഗത ആദായനികുതിദായകരിൽനിന്ന് 1.22 ലക്ഷം കോടി രൂപയുടെ വരുമാനവർധനയാണു കേന്ദ്രത്തിന്റെതന്നെ ബജറ്റു രേഖയിൽ പറയുന്നത്. അതായത്, ഒരു ലക്ഷം കോടി കുറഞ്ഞാലും സർക്കാരിനു ചുരുങ്ങിയത് 22 ലക്ഷം രൂപ ഈയിനത്തിൽ വരുമാനം കൂടും. ഇക്കാര്യം പക്ഷേ, മന്ത്രിയും സർക്കാരും പറയില്ലെന്നു മാത്രം.

എന്നാൽ, കമ്പനികളുടെ ആദായനികുതി (കോർപ്പറേഷൻ ടാക്സ്) നടപ്പുവർഷത്തിൽ 10.82 ലക്ഷം കോടിമാത്രമേ സർക്കാർ കണക്കാക്കിയിട്ടുള്ളൂ.

▶ 12

# ലോകാരോഗ്യസംഘടന തകരുന്നുവോ?



അനിൽ ജെ. തയ്യിൽ



**അ**മേരിക്കയുടെ 47–ാമത് പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത് എട്ടാം മണിക്കൂറിൽ ഒപ്പിട്ട, ലോകാരോഗ്യ സംഘടന(WHO)യിൽനിന്നു പിൻവാങ്ങിയും സംഘടനയ്ക്കുള്ള ധനസഹായം നിർത്തിവച്ചുകൊണ്ടുമുള്ള, ലോകക്രമത്തെ മാറ്റിമറിക്കാനുതകുംവിധം നിർണായകമായ തന്റെ എക്സിക്യൂട്ടീവ് ഉത്തരവിൽനിന്നു പിന്മാറാൻ അദ്ദേഹം ഇതേവരെ തയ്യാറായിട്ടില്ല എന്നത് നിരാശാജനകമായ ഒരു വാർത്തതന്നെയാണ്. പല ലോകരാജ്യങ്ങളുടെയും ആരോഗ്യമേഖലയ്ക്കു കനത്ത ആഘാതമേല്പിച്ചുകൊണ്ടാണ് തന്റെ മുൻഭരണകാലത്തു നടപ്പാക്കാൻ സാധിക്കാതിരുന്ന നയം രണ്ടാംവരവിന്റെ ആദ്യദിനംതന്നെ അദ്ദേഹം പ്രാവർത്തികമാക്കിയത്. ലോകാരോഗ്യസംഘടനയുടെ സ്ഥാപകാംഗമായിരുന്ന യു.എസ്. അന്നുമുതൽ സംഘടനയുടെ അസംബ്ലിയിലും എക്സിക്യൂട്ടീവ് ബോർഡിലും സജീവപങ്കാളിത്തം വഹിച്ചിരുന്നു. അംഗത്വം പിൻവലിക്കുന്നതിന് ഒരു വർഷത്തെ നോട്ടീസ് പീരിയഡ് നൽകണമെന്നും സാമ്പത്തികബാധ്യതകൾ പൂർണമായി അടച്ചുതീർക്കണമെന്നുമായിരുന്നു ഡബ്ല്യു.എച്ച്.ഒ. സ്ഥാപനവേളയിൽ യു.എസ്. തീരുമാനം. പിൻവാങ്ങൽ നടപ്പാക്കാൻ യു.എസ്. കോൺഗ്രസിന്റെ സമ്മതം വേണ്ടിവരുമെങ്കിലും ഇരുസഭകളിലെയും റിപ്പബ്ലിക്കൻ ആധിപത്യം ട്രംപിന്റെ തീരുമാനങ്ങളുടെ നടത്തിപ്പിനു സുഗമമായ വഴിയൊരുക്കും. തന്റെ മുൻഭരണകാലത്തിന്റെ അവസാനഘട്ടത്തിൽ ട്രംപ് ഇങ്ങനെ ഒരു നടപടിയിലേക്കു കടന്നിരുന്നെങ്കിലും ജോ ബൈഡൻ ഭരണത്തിൽ വന്നതോടെ അത് പുനഃസ്ഥാപിക്കുകയായിരുന്നു.

**ട്രംപിന്റെ പിന്മാറ്റകാരണങ്ങൾ**

രാജ്യാന്തര ആരോഗ്യപ്രതിസന്ധികളെ പ്രത്യേകിച്ച്, കൊവിഡ് – 19 വ്യാപനത്തെ നേരിട്ട ലോകാരോഗ്യസംഘടനയുടെ രീതി ഫലപ്രദമായില്ല എന്ന് ട്രംപ് ആരോപിക്കുന്നു. അംഗരാജ്യങ്ങളുടെ, പ്രത്യേകിച്ച് ചൈനയുടെ അനുചിതമായ രാഷ്ട്രീയസ്വാധീനങ്ങൾക്ക് ഡബ്ല്യു.എച്ച്.ഒ. വഴങ്ങുന്നുവെന്നും ചൈനയുടെ ജനസംഖ്യയ്ക്ക് ആനുപാതികമായ തുക അവർ നൽകുന്നില്ലെന്നുമാണ് ട്രംപിന്റെ വാദം. ചൈനയിലെ ജനസംഖ്യ 141 കോടിയും യു.എസ്. ജനസംഖ്യ 33.49 കോടിയുമാണെന്നിരിക്കേ, തങ്ങളുടെ ജനസംഖ്യയുടെ 300 ശതമാനം അധികമുള്ള ചൈന പക്ഷേ, ലോകാരോഗ്യസംഘടനയ്ക്കു നൽകുന്ന തുക 90 ശതമാനം കുറവാണെന്ന് വൈറ്റ് ഹൗസ് പുറത്തുവിട്ട കുറിപ്പിൽ പറയുന്നു. കൊവിഡ് 19 വൈറസ് വ്യാപനം തടയാൻ ലോകാരോഗ്യസംഘടന കാര്യമായി പ്രവർത്തിച്ചില്ലെന്നുമാത്രമല്ല, ചൈനയിലെ വൈറസ് വ്യാപനം സംഘടന മറച്ചുവച്ചുവെന്നും ട്രംപ് കുറ്റപ്പെടുത്തുന്നു.

**ലോകാരോഗ്യസംഘടന**

അന്താരാഷ്ട്രതലത്തിൽ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ രൂപീകരിച്ച് ഏകോപിപ്പിക്കുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ രാഷ്ട്രീയേതര ഏജൻസിയാണ് 194 അംഗരാജ്യങ്ങളുള്ള ലോകാരോഗ്യസംഘടന അഥവാ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ. ജനീവ ആസ്ഥാനമായി സംഘടന രൂപംകൊണ്ട 1948 ഏപ്രിൽ 7 തന്നെയാണ് ലോകാരോഗ്യദിനമായി ആചരിക്കുന്നത്. പകർച്ചവ്യാധികളെ ചെറുക്കാനുള്ള പ്രവർത്തനങ്ങൾമാത്രമല്ല ലോകമെങ്ങും വാക്സിനേഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, ആരോഗ്യ അടിയന്തരാവസ്ഥകളിൽ പ്രതികരിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ ലോകാരോഗ്യസംഘടന കൈകാര്യം ചെയ്യുന്നുണ്ട്. വസൂരി നിർമാർജനത്തിൽ മുഖ്യപങ്കുവഹിച്ച സംഘടന പകർച്ചവ്യാധികളും മറ്റുമുണ്ടാകുമ്പോൾ വേണ്ട മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുക, രാജ്യങ്ങൾക്കു സാങ്കേതികസഹായം നല്കുക, ഗവേഷണങ്ങൾക്കു നേതൃത്വം നല്കുക, ലോകവ്യാപക ബോധവത്കരണപ്രവർത്തനങ്ങൾ നടത്തുക എന്നിവയെല്ലാം ചെയ്തുവരുന്നു. പല ദരിദ്രരാജ്യങ്ങളിലും വാക്സിനേഷനു നേതൃത്വം നൽകുന്നത് ഡബ്ല്യു.എച്ച്.ഒ.ആണ്.

**അമേരിക്കൻ പിന്മാറ്റം ഏല്പിക്കുന്ന ആഘാതം**

500 മുതൽ 600 വരെ മില്യൻ ഡോളർ ഡബ്ല്യു.എച്ച്.ഒ.യ്ക്ക് എല്ലാ വർഷവും നൽകുന്ന അമേരിക്ക മറ്റു പ്രോജക്ടുകൾക്കെല്ലാംകൂടി ഏകദേശം 1.3 ബില്യൺ ഡോളർ എന്ന ഭീമമായ തുകയാണ് സംഘടനയ്ക്കു സംഭാവന ചെയ്യുന്നത്. കൂടാതെ, എച്ച്ഐവി പ്രതിരോധപ്രവർത്തന ഫണ്ടിന്റെ 75 ശതമാനവും ക്ഷയരോഗനിർമാർജനഫണ്ടിന്റെ 50 ശതമാനവും അമേരിക്കയാണു വഹിക്കുന്നത്. അതിനും പുറമേ ഏകദേശം 830 മില്യൺ ഡോളർ സംഭാവന ചെയ്യുന്ന ബിൽ & മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷനടക്കം അമേരിക്കയിലെ നിരവധി പ്രസ്ഥാനങ്ങൾ ചേർന്ന് മില്യൻകണക്കിനു ഡോളറുകളാണ് ഡബ്ല്യു.എച്ച്.ഒ.യ്ക്കു നല്കുന്നത്. ദരിദ്രരാജ്യങ്ങളിൽ ലോകാരോഗ്യസംഘടനയുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത് സമ്പന്നരാജ്യങ്ങളുടെ സഹായത്താലാണെന്നിരിക്കേ, ആ സഹായം നിലയ്ക്കുന്നത് പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള ആഗോളശ്രമങ്ങളെ പരാജയപ്പെടുത്തുകയും ദുർബലരായ ജനങ്ങളെ അപകടത്തിലാക്കുകയും ചെയ്യും. ദരിദ്ര ആഫ്രിക്കൻരാജ്യങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഇന്ത്യയ്ക്ക് ഇതു വെല്ലുവിളിയാകുന്നില്ലെങ്കിലും പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ തുടങ്ങി നിരവധി ദരിദ്രരാജ്യങ്ങൾക്ക് വലിയ ആഘാതമാകും. അമേരിക്ക പിന്മാറുമ്പോൾ ഡബ്ല്യു.എച്ച്.ഒ.യുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ അമേരിക്കൻ ഉദ്യോഗസ്ഥരെയും തിരിച്ചുവിളിക്കുന്നതോടെ വിദഗ്ധരായ ആരോഗ്യപ്രവർത്തകരുടെ നഷ്ടം നികത്താനുള്ള മനുഷ്യവിഭവശേഷി മറ്റു രാജ്യങ്ങളിൽനിന്നു സംഘടന കണ്ടെത്തേണ്ടിവരും. അതത്ര എളുപ്പമല്ല. കൂടാതെ, യുഎസ് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷനുമായി ഡബ്ല്യു.എച്ച്.ഒ.യ്ക്കുള്ള സഹകരണത്തെയും ഇത് പ്രതികൂലമായി ബാധിക്കും. അമേരിക്കയെയും ഈ പിന്മാറ്റം ദോഷകരമായി ബാധിക്കുമെന്നു കരുതപ്പെടുന്നു. അമേരിക്കയിൽ പല രോഗങ്ങളും പടർന്നതു കുടിയേറ്റത്തൊഴിലാളികളിലൂടെയാണെന്നിരിക്കേ, ആഗോള ആരോഗ്യരംഗത്തെ ഒറ്റപ്പെടൽ മറ്റു രാജ്യങ്ങളിൽനിന്നുള്ള രോഗവിവരങ്ങളുടെ പങ്കുവയ്ക്കലിൽ യു.എസിനു തിരിച്ചടിയാവാം; പ്രത്യേകിച്ച്, കൊവിഡ് 19 പോലുള്ള ഭീകരദുരന്തങ്ങൾ സംഭവിക്കുമ്പോൾ. വാർഷികഫ്ളൂ വാക്സിനുകൾ സൃഷ്ടിക്കുന്നതടക്കമുള്ള സന്ദർഭങ്ങളിൽ യു.എസ്. ഒറ്റപ്പെട്ടേക്കാം. അമേരിക്കയുടെ ആഗോള ആരോഗ്യസഹകരണവും ആശങ്കയിലാകുന്നു. എന്നാൽ, തങ്ങൾ കൂടുതൽ ഫലവത്തായതും സുതാര്യവുമായ ഒരു സംഘടനയ്ക്കു രൂപം നല്കുമെന്നാണ് ട്രംപിന്റെ പ്രഖ്യാപനം. കൂടുതൽ അംഗരാജ്യങ്ങൾ ഡബ്ല്യു.എച്ച്.ഒ.യിൽനിന്നു വിട്ടുപോകാനുള്ള പ്രവണതയ്ക്ക് ഇതു വഴിതുറന്നേക്കാം. തങ്ങൾ വിജയിച്ചാൽ ജർമനി ലോകാരോഗ്യസംഘടനയിൽനിന്നു പിന്മാറുമെന്ന് ഫെബ്രുവരി 23 നു നടക്കുന്ന തിരഞ്ഞെടുപ്പിൽ വിജയസാധ്യത പ്രവചിക്കപ്പെട്ട ജർമനിയിലെ എഎഫ്ഡി പാർട്ടിയുടെ ചാൻസലർ സ്ഥാനാർഥി ആലീസ് വീയ്ഡൽ പറയുന്നു. ലോകാരോഗ്യസംഘടനയ്ക്കു ഫണ്ടു നൽകുന്നതിൽ രണ്ടാം സ്ഥാനക്കാർ ജർമനിയാണെന്നിരിക്കേ, ഇതു നിർണായകമായ തിരിച്ചടിയാവും.

**ട്രംപിന്റെ വാദത്തിനു പിന്നിൽ**

2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ റിപ്പോർട്ടു ചെയ്യപ്പെട്ട കൊറോണ വൈറസ് മനുഷ്യരിൽനിന്നു മനുഷ്യരിലേക്കു വ്യാപിക്കില്ലെന്ന് 2020 ജനുവരി 14 ന് ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചിരുന്നുവെന്നതു സത്യമാണ്. മനുഷ്യർക്കിടയിൽ വ്യാപനം നടക്കുമെന്ന തായ്‌വാന്റെ വാദം നിരാകരിച്ചുകൊണ്ടാണ് ചൈനീസ് അധികൃതരുടെ വാക്കുകൾ ശരിവച്ച് ലോകാരോഗ്യസംഘടന ഈ അബദ്ധപ്രഖ്യാപനം നടത്തിയത്. ജനുവരി 30 ന് ലോകമാകെ ആരോഗ്യാടിയന്തരാവസ്ഥ പ്രഖ്യാപിച്ച സംഘടന പക്ഷേ, യാത്രാനിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതില്ല എന്നും പറഞ്ഞിരുന്നു. പിന്നീട് ആ നിലപാടിലും മാറ്റം വരുത്തേണ്ടിവന്നു. 2020 ഏപ്രിലിൽ ജപ്പാൻ ഉപപ്രധാനമന്ത്രി താരോ അസോ, ഡബ്ല്യു.എച്ച്.ഒ.യുടെ പേരുമാറ്റി ചൈനീസ് ഹെൽത്ത് ഓർഗനൈസേഷൻ എന്നാക്കാം എന്നു പരിഹസിച്ചത് ഇത്തരുണത്തിലാണ്. അമേരിക്ക ഐക്യരാഷ്ട്രസഭയ്ക്കു നൽകുന്ന സാമ്പത്തികസഹായം നിർത്തിവയ്ക്കണമെന്നത് ഇസ്രായേലിന്റെ ഡിമാൻഡുകൂടിയായിരുന്നു. ഒക്ടോബർ 7 ആക്രമണത്തിൽ പന്ത്രണ്ടോളം യു എൻ വോളണ്ടിയർമാർ പങ്കാളികളായി എന്നതും, 1200 ഹമാസ് ഭീകരർ യു എൻ വോളണ്ടിയർമാരായി ഗാസയിൽ പ്രവർത്തിക്കുന്നുവെന്നും ഇസ്രായേൽ കണ്ടെത്തിയിരുന്നു. ഒരു വോളണ്ടിയർക്ക് ഏകദേശം ഒന്നേകാൽ ലക്ഷം രൂപയായിരുന്നു ശമ്പളം. അഫ്ഗാനിസ്ഥാനിലും പാക്കിസ്ഥാനിലും ബംഗ്ലാദേശിലുമടക്കം സാമ്പത്തികസഹായങ്ങൾ ഭീകരപ്രവർത്തനങ്ങളിലേക്കു വഴിതിരിച്ചുവിട്ടതും ട്രംപിനെ പ്രകോപിപ്പിച്ചു.

വലിയ തുകകൾ വഴിമാറി ഭീകരപ്രവർത്തനത്തിനു സഹായകമാകുന്നതാണ് ഫ്രാൻസിനെയും ജർമനിയെയുമൊക്കെ മാറിച്ചിന്തിപ്പിക്കുവാൻ പ്രേരിപ്പിച്ചിരിക്കുന്നത്.

**ലോകാരോഗ്യസംഘടനയുടെ പ്രതികരണം**

ലോകാരോഗ്യസംഘടനയിൽനിന്നു പിന്മാറാനുള്ള അമേരിക്കയുടെ നീക്കത്തിൽ ഖേദിക്കുന്നു എന്നായിരുന്നു സംഘടനയുടെ ആദ്യപ്രതികരണം. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ആരോഗ്യത്തിനും ക്ഷേമത്തിനുംവേണ്ടി യു.എസ്. തീരുമാനം പുനഃപരിശോധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ലോകാരോഗ്യസംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനേം ഗബ്രിയോസിസ് പ്രത്യാശ പ്രകടിപ്പിച്ചു.

പ്രസിഡന്റ് ട്രംപിന്റെ നീക്കത്തെത്തുടർന്ന് ലോകാരോഗ്യസംഘടന ചെലവുചുരുക്കൽപ്രക്രിയയ്ക്കു തുടക്കം കുറിച്ചു. യുഎസ് പ്രഖ്യാപനം നമ്മുടെ സാമ്പത്തികസ്ഥിതി ഗുരുതരമാക്കുമെന്ന് ഡയറക്ടർ ജനറൽ സംഘടനാജീവനക്കാർക്കുള്ള കത്തിൽ പറഞ്ഞു. ഗുരുതരമായ പ്രശ്നങ്ങളിൽ ഇടപെടാതിരിക്കില്ല, എങ്കിലും, മുൻഗണനകൾ പുതുക്കി നിശ്ചയിക്കുകയും യാത്ര ച്ചെലവുകളും പുതിയ നിയമനങ്ങളും കുറയ്ക്കുകയും ചെയ്യുമെന്നും കൂടുതൽ ചെലവുചുരുക്കൽ പദ്ധതികൾ പിന്നീട് പ്രഖ്യാപിക്കുമെന്നും അദ്ദേഹം ജീവനക്കാർക്കുള്ള സന്ദേശത്തിൽ പറഞ്ഞു

എന്തൊക്കെയായാലും, ലോകാരോഗ്യം ആഗോളാടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നതിന് ഒരു രാഷ്ട്രീയേതര രാജ്യാന്തരകൂട്ടായ്മ അനിവാര്യമാണ്. ഇല്ലെങ്കിൽ ദരിദ്ര ആഫ്രിക്കൻ രാജ്യങ്ങളെയും അധിനിവേശ വെസ്റ്റ് ബാങ്ക്, യുക്രെയ്ൻ തുടങ്ങി അനേക യുദ്ധമേഖലകളെയും കാത്തിരിക്കുന്നത് വൻദുരന്തമായിരിക്കും.

■

# കുടുംബക്കൂട്ടായ്മ സഭയുടെ പ്രതിരോധശക്തി

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപത പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി നടത്തിയ രൂപത കുടുംബക്കൂട്ടായ്മ വാർഷികം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: കുടുംബക്കൂട്ടായ്മ സഭയുടെ പ്രതിരോധശക്തിയാണെന്നും സഭയും സമുദായവും കുടുംബക്കൂട്ടായ്മയുടെ കൈകളിൽ ഭദ്രമാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി രൂപത കുടുംബക്കൂട്ടായ്മ വാർഷികം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

കുടുംബക്കൂട്ടായ്മ ഒരു അച്ചു പോലെയാണ്. കുടുംബമാകുന്ന അച്ചുകൂടത്തിലാണ് നമ്മുടെ കുഞ്ഞുങ്ങൾ വളരേണ്ടത്. അച്ചടക്കം കുടുംബത്തിലും ഇടവകയിലും സഭയിലും ഉണ്ടായാൽ മാത്രമേ സഭയും കുടുംബവും വളരുകയുള്ളൂവെന്നും കുടുംബക്കൂട്ടായ്മ സ്നേഹത്തിന്റെ ചങ്ങലയാണെന്നും അദ്ദേഹം പറഞ്ഞു.

ളാലം സെന്റ് മേരീസ് പഴയ പള്ളി ഹാളിൽ നടന്ന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ അധ്യക്ഷത വഹിച്ചു. കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ബൈബിൾപ്രതിഷ്ഠ നിർവഹിച്ചു. രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ളാലം പഴയപള്ളി വികാരി ഫാ. ജോസഫ് തടത്തിൽ, കുടുംബക്കൂട്ടായ്മ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സിന്ധു ഷാജി ഇടയാനിക്കാട്ട്, ബാബു പോൾ പെരിയപ്പുറം എന്നിവർ പ്രസംഗിച്ചു. രൂപതയിലെ 171 ഇടവകകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ഏറ്റവും മികച്ച പ്രവർത്തനം നടത്തിയ കുടുംബക്കൂട്ടായ്മകൾക്കുള്ള ഇടവക, ഫൊറോന തലട്രോഫികൾ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു. എ വിഭാഗത്തിൽ പയ്യാനിത്തോട്ടം സെന്റ് അൽഫോൻസ ഇടവകയും ബി വിഭാഗത്തിൽ കാവുംകണ്ടം സെന്റ് മരിയ ഗൊരേത്തി ഇടവകയും സി വിഭാഗത്തിൽ മുട്ടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയും ഡി വിഭാഗത്തിൽ ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ആൻഡ് പോൾ ഫൊറോനയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

രണ്ടാം സ്ഥാനം എ വിഭാഗത്തിൽ മൂന്നാനി സെന്റ് പീറ്റേഴ്സ് പള്ളിയും ബി വിഭാഗത്തിൽ ഉള്ളനാട് സേക്രഡ് ഹാർട്ട് പള്ളിയും സി വിഭാഗത്തിൽ കുറിച്ചിത്താനം സെന്റ് തോമസ് പള്ളിയും ഡി വിഭാഗത്തിൽ മുട്ടുചിറ ഹോളി ഹോസ്റ്റ് ഫൊറോന പള്ളിയും കരസ്ഥമാക്കി. മൂന്നാം സ്ഥാനം എ വിഭാഗത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ് പള്ളിയും ബി വിഭാഗത്തിൽ കുന്നോന്നി സെന്റ് ജോസഫ് പള്ളിയും സി വിഭാഗത്തിൽ കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളിയും ഡി വിഭാഗത്തിൽ കുറവിലങ്ങാട് മർത്ത്മറിയം ഫൊറോനയും നേടി.

സമ്പൂർണ ബൈബിൾ പകർത്തിയെഴുതിയ വ്യക്തികളെയും കുടുംബങ്ങളെയും ബൈബിൾ പാരായണം നടത്തിക്കൊണ്ടിരിക്കുന്ന ഇടവകകളെയും ചടങ്ങിൽ ആദരിച്ചു. പാലാ രൂപത 75 വർഷം പൂർത്തിയാക്കിയതിന്റെ പ്രതീകമായി 75 വയസ്സു തികഞ്ഞ മുൻ രൂപത പ്രസിഡന്റ് തോമസ് വടക്കന് മെമന്റോ സമ്മാനിച്ചു.



*പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വാർഷികയോഗം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*



*എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപതയുടെ 2025 പ്രവർത്തനവർഷോദ്ഘാടനവും കർമരേഖ പ്രകാശനവും സംസ്ഥാനപ്രസിഡന്റ് എം.ജെ. ഇമ്മാനുവൽ നിർവഹിക്കുന്നു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഇലഞ്ഞി ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ആലാനിക്കൽ, രൂപത പ്രസിഡന്റ് അൻവിൻ സോണി, ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി. തുടങ്ങിയവർ സമീപം.*

# പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷന് നാക് അക്രഡിറ്റേഷനിൽ എ പ്ലസ് ഗ്രേഡ്



*നാക് അക്രഡിറ്റേഷനിൽ എ പ്ലസ് ഗ്രേഡ് നേടിയ പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിൽ നടത്തിയ അനുമോദനസമ്മേളനം പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ നാലാംവട്ട മൂല്യനിർണയത്തിൽ 3.35 സ്കോറോടെ എ പ്ലസ് ഗ്രേഡ് നേടി അധ്യാപക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംസ്ഥാനത്ത് ഒന്നാംസ്ഥാനവും രാജ്യത്ത് മൂന്നാംസ്ഥാനവും കരസ്ഥമാക്കി പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ.


2000 ൽ ആദ്യ അക്രഡിറ്റേഷനിൽ ഫോർ സ്റ്റാർപദവിയും 2007 ൽ എ പ്ലസ് ഗ്രേഡും 2014 ൽ 3.32 സ്കോറോടെ എ ഗ്രേഡും നേടിയ കോളജ് ആദ്യ അക്രഡിറ്റേഷന്റെ 25–ാം വർഷം എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കിയിരിക്കുകയാണ്.

ഡിഎൽഎഡ്, ബിഎഡ്, എം.എഡ്, പിഎച്ച്ഡി എന്നീ പ്രോഗ്രാമുകൾ കോളജിൽ നടത്തപ്പെടുന്നു. പാഠ്യപദ്ധതി, അധ്യാപനനിലവാരം, അധ്യാപകയോഗ്യത, ഗവേഷണം, അടിസ്ഥാനസൗകര്യങ്ങൾ, സാമൂഹികപ്രവർത്തനങ്ങൾ, സ്ഥാപനം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ, വിദ്യാർഥി കേന്ദ്രീകൃതപ്രവർത്തനങ്ങൾ, ഭരണനിർവഹണം എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണു മൂല്യനിർണയം നടത്തിയത്.

അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർഥികൾക്കും കോളജ് മാനേജർ മോൺ. ജോസഫ് തടത്തിൽ അനുമോദനങ്ങൾ നേർന്നു. യോഗത്തിൽ കോളജ് പ്രിൻസിപ്പൽ പ്രഫ. ബീനാമ്മ മാത്യു, വൈസ് പ്രിൻസിപ്പൽ പ്രഫ. ടി.സി. തങ്കച്ചൻ, മുൻ പ്രിൻസിപ്പൽ പ്രഫ. ജോസ് പി. മറ്റം, ഡോ. മാത്യൂസ് ടി. തെള്ളി, മാത്യു എം. കുര്യാക്കോസ്, ഡോ. ലവീന ഡൊമിനിക്, അനുമരിയ മാത്യു എന്നിവർ പ്രസംഗിച്ചു.

## വായന


### Why People Are Sick




ഗ്രന്ഥകർത്താ : ജനന്നാഥ് ചാറ്റർജി
പ്രസാധനം : ബഗാ ബുക്സ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 300

This book is the reflection of more than four decades of his investigative work in the field of human health and medicine. This book should be sought as a text book or a reference book by every health provider, health educator.


### ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ



ഗ്രന്ഥകർത്താ: തങ്കച്ചൻ തുണ്ടിയിൽ
പ്രസാധനം : സെന്റ് പോൾസ് എറണാകുളം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 180

തങ്കപ്പെട്ട കൂദാശയായ വിശുദ്ധകുർബാനയെക്കുറിച്ച് തങ്കച്ചൻ തുണ്ടിയിൽ എഴുതിയ ഹൃദയസ്പർശിയായ ഗ്രന്ഥം. എന്തു പങ്കപാടു കഴിച്ചും വർഷങ്ങളായി നിത്യേന ദിവ്യബലിയിൽ പങ്കെടുക്കുന്ന തങ്കച്ചൻ കുർബാനയുമായി ബന്ധപ്പെട്ട സ്വന്തം അനുഭവങ്ങൾ ചങ്കുതുറന്നു പങ്കുവയ്ക്കുന്നു.

### പ്രതിധ്വനി
### വചനത്തിൻ മാറ്റൊലികൾ




ഗ്രന്ഥകർത്താ: ഫാ. ജോൺ കുടിയിരിപ്പിൽ എം.എസ്. ടി.
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 320

ഈ ഗ്രന്ഥം കാത്തുസൂക്ഷിക്കുന്ന താളം വായനക്കാരുടെ ഹൃദയത്തിലും ഈണഭംഗി നൽകും. കേവലം വ്യക്തികേന്ദ്രീകൃതസമീപനങ്ങളിൽനിന്ന് മിശിഹാകേന്ദ്രിതമായ ഒരു ജീവിതക്രമത്തിലേക്ക് ഇതു വായനക്കാരെ ക്ഷണിക്കുന്നു. ബൈബിൾ വായനയ്ക്കു പ്രചോദനമേകുന്ന ഗ്രന്ഥം.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ധനസമ്പാദനം ജീവിതത്തിൽ അഭികാമ്യമാണെങ്കിൽ സർവവും സാധ്യമാക്കുന്ന ജ്ഞാനത്തിലുപരി ധനം എന്തുണ്ട്?
ജ്ഞാനം 8:5

**എഡിറ്റോറിയൽ**

# അക്രമികൾ അരങ്ങുവാഴുമ്പോൾ

ഗുണ്ടായിസം അതിന്റെ ബീഭത്സരൂപം പൂണ്ടു കലിയിളകി കലാപാന്തരീക്ഷം സൃഷ്ടിക്കുന്ന ഒരു കാലത്താണു നാം ജീവിക്കുന്നത്. ഭയത്തിന്റെയും അക്രമത്തിന്റെയും നിഴലാട്ടങ്ങൾ രാപകൽവ്യത്യാസമില്ലാതെ നമ്മെ വേട്ടയാടുന്നുണ്ടെങ്കിൽ, അതു ഗുണ്ടകൾ വാഴുന്ന നാടായി നമ്മുടെ കേരളം അധഃപതിച്ചതിന്റെ പരിണതഫലമാണെന്നു ലജ്ജയോടെ പറയേണ്ടിവരുന്നു. കോപവും കലഹവും ചതിയും വഞ്ചനയുമൊക്കെ കലാപത്തീയായി പടരാൻ നിമിഷനേരം മതി. അത്രമാത്രം വിദ്വേഷചിന്തകൾ മനുഷ്യമനസ്സുകളെ കീഴടക്കിയിരിക്കുന്നു. വിചാരം നഷ്ടപ്പെട്ട മനുഷ്യൻ ഞൊടിയിടകൊണ്ടാണ് അക്രമത്തിന്റെ ആയുധമേന്തി ചോരസംസ്കാരത്തിന്റെ അധിപതിയാകുന്നത്. ഗുണ്ടാവിളയാട്ടം ചന്തസ്ഥലങ്ങളിലും പൊതുനിരത്തുകളിലുമെന്നല്ല, കാമ്പസുകളിലും ജനപ്രതിനിധിസഭകളിലും ആരാധനാലയങ്ങളിലും വരെ കാണേണ്ടിവന്നിരിക്കുന്നു. ആരും ആരെയും കുറ്റപ്പെടുത്തിയിട്ടോ പഴിചാരിയിട്ടോ കാര്യമില്ല. പഠന-പരിശീലനപ്രക്രിയകളിലുൾപ്പെടെ എവിടെയൊക്കെയോ ഗുരുതരമായ പിഴവുകൾ നമുക്കു സംഭവിക്കുന്നുണ്ട്. മനുഷ്യത്വം വറ്റിപ്പോയിരിക്കുന്നു. ദൈവഭയം അസ്തമിച്ചുതുടങ്ങിയിരിക്കുന്നു. മൂല്യശോഷണം സംഭവിച്ചുകൊണ്ടേയിരിക്കുന്നു. തകരാറുകൾ അടിയന്തരമായി പരിശോധിച്ചു പ്രതിരോധവും ചികിത്സയും ശുദ്ധീകരണവും ഉത്തരവാദിത്വപ്പെട്ടവർ നൽകേണ്ടിയിരിക്കുന്നു.

ഒരു മയക്കുമരുന്നുഭ്രാന്തന്റെ ചവിട്ടേറ്റ് ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ ജീവൻ പൊലിഞ്ഞുപോയ ദാരുണവാർത്ത കേട്ടു കേരളം ഞെട്ടിത്തരിച്ചിരിക്കുകയാണ്! സർക്കാരിനെ നോക്കുകുത്തിയാക്കി ഗുണ്ടായിസം അഴിഞ്ഞാടിയതും അതു പാതിരാക്കൊലപാതകത്തിൽ കലാശിച്ചതും ഫെബ്രുവരി മൂന്നിന് കോട്ടയം തെള്ളകത്താണ്. കോട്ടയം വെസ്റ്റ് പൊലീസ്സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർ ശ്യാം പ്രസാദിനെയാണ് എം.സി. റോഡിലെ തട്ടുകടയ്ക്കു മുന്നിലിട്ട് ഒരു സാമൂഹികദ്രോഹി ചവിട്ടിക്കൊന്നത്. വഴിയരുകിലെ തർക്കത്തിൽ ഉത്തരവാദിത്വത്തോടെ ഇടപെട്ട ഒരു ക്രമസമാധാനപാലകന്റെ സ്ഥിതി ഇതാണെങ്കിൽ, ഒരു സാധാരണക്കാരന്റെ സുരക്ഷിതത്വത്തിന് ഈ കേരളത്തിൽ എന്തു വിലയാണുള്ളത്?

ബാലരാമപുരത്ത് രണ്ടുവയസ്സുകാരിയെ സ്വന്തം അമ്മാവൻ ജീവനോടെ കിണറ്റിലെറിഞ്ഞുകൊന്ന സംഭവത്തിന്റെ ഉള്ളുലച്ചിലിൽനിന്ന് കേരളം മുക്തമായിട്ടില്ല. മഞ്ചേരിയിൽ പിഞ്ചുകുഞ്ഞിനെ ബക്കറ്റിലെ വെള്ളത്തിൽ മുക്കിക്കൊന്ന ശേഷം അമ്മ തൂങ്ങിമരിച്ച സംഭവവും ഒരേ ദിവസ(ജനുവരി 30)മാണുണ്ടായത്. പാലക്കാട് ജാമ്യത്തിലിറങ്ങിയ പ്രതി അയൽക്കാരായ അമ്മയെയും മകനെയും വെട്ടിക്കൊലപ്പെടുത്തിയിട്ടു ദിവസങ്ങളേ ആയുള്ളൂ. ആലപ്പുഴയിൽ പ്രായംചെന്ന മാതാപിതാക്കളെ വീട്ടിൽ പൂട്ടിയിട്ട് കത്തിച്ചുകൊന്നെന്ന കേസും ഈയിടെ അരങ്ങേറിയത് ഈ 'സാംസ്കാരികകേരള'ത്തിലാണെന്നത് ഞെട്ടലോടെമാത്രമേ കേൾക്കാനാവൂ.

സഹജീവിസ്നേഹം മരവിച്ചുപോയ ഒരു സമൂഹത്തിലാണു നാം ജീവിക്കുന്നതെന്നു തോന്നിപ്പോകുന്നു. കാരണം, എന്തു ക്രൂരതയും എവിടെയും ആരോടും കാണിക്കാമെന്ന ധാർഷ്ട്യം മനുഷ്യനെ മദിക്കുന്നുണ്ട്. പൊതുവിടങ്ങളിൽ നമ്മുടെ കുട്ടികളും സ്ത്രീകളും സുരക്ഷിതരല്ലെന്ന സ്ഥിതിവിശേഷം സംജാതമായതോടെ അവർ അനുഭവിക്കുന്ന പരിഭ്രാന്തിയും ആശങ്കകളും പറഞ്ഞറിയിക്കാനാവാത്തതാണ്. അച്ഛനമ്മമാരും കൂടപ്പിറപ്പുകളുമുൾപ്പെടെ കാവലാളാകേണ്ടവരും ക്രിമിനലുകളായി വേഷമിടുമ്പോൾ കേരളം അക്ഷരാർഥത്തിൽ അരക്ഷിതത്വത്തിന്റെ നടുക്കയത്തിലാണെന്നു ഞെട്ടലോടെ തിരിച്ചറിഞ്ഞേ പറ്റൂ.

ക്രമസമാധാനം തകർക്കുന്ന മട്ടിലേക്കു ക്രിമിനൽഗുണ്ടകളുടെ അരങ്ങേറ്റം കേരളത്തിൽ വ്യാപകമായിരിക്കുന്നു. മയക്കുമരുന്നുമാഫിയ കേരളത്തിൽ പിടിമുറുക്കിയിട്ടു കാലങ്ങളേറെയായെങ്കിലും, അതിനു തടയിടാനോ വേരോടെ പിഴുതെറിയാനോ അല്ല, പകരം, ലഹരിലഭ്യതയ്ക്കാണു സർക്കാർവൃത്തങ്ങൾ ശ്രമിക്കുന്നതെന്നതു വേദനയോടെമാത്രമേ കേൾക്കാനാവൂ. കേരളത്തിന്റെ സമാധാനജീവിതം കെടുത്തുന്ന മയക്കുമരുന്നുഗുണ്ടകളെ നിലയ്ക്കുനിർത്താൻ സർക്കാരിനല്ലാതെ മറ്റാർക്കാണു സാധിക്കുന്നത്? നിയമവും നീതിവാഴ്ചയുമുള്ള ഒരു ജനാധിപത്യരാജ്യത്ത് പൗരാവകാശത്തോടും അന്തസ്സോടുംകൂടി മനുഷ്യരായി ജീവിക്കാനുള്ള സ്വാതന്ത്ര്യം വേണം. മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കുന്ന വർഗീയതയെയും തീവ്രവാദങ്ങളെയുമൊക്കെ നാട്ടിൽനിന്നു കുടിയിറക്കിയേ പറ്റൂ. പോയകാലത്തെ നവോത്ഥാനനന്മകളുടെ പെരുമ അയവിറക്കിക്കൊണ്ടിരുന്നാൽ മാത്രംപോരാ, സമകാലികസമൂഹത്തെ വായിക്കാനും തിരുത്താനും പ്രതിരോധശക്തിയാകാനും സർക്കാരും സമൂഹവും ഒത്തൊരുമിച്ചു പരിശ്രമിക്കുകതന്നെ വേണം. ■

# കുളിരുണർത്തിയ കിഴക്കൻകാറ്റ്

ദീപനാളത്തിൽ പ്രസിദ്ധീകരിച്ച ഇഗ്നേഷ്യസ് കലയന്താനിയുടെ 'കിഴക്കൻകാറ്റ്' എന്ന നോവൽ ഏറെ ഹൃദ്യവും ആകാംക്ഷാഭരിതവുമായിരുന്നു. ഹൈറേഞ്ചിന്റെ പശ്ചാത്തലത്തിൽ, ലളിതമായ ഭാഷയിൽ, നല്ല ഒഴുക്കുള്ള ശൈലിയിൽ രചിച്ച ഈ നോവൽ ഇന്നത്തെ തലമുറയ്ക്ക് നല്ലൊരു സന്ദേശം പകർന്നുകൊടുത്താണ് അവസാനിച്ചത്. നമുക്കു ചുറ്റും നിത്യവും നടക്കുന്ന സംഭവങ്ങളാണ് നോവലിസ്റ്റ് വരച്ചുകാട്ടിയത്. പ്രതിസന്ധികൾ ഒരുപാട് ഉണ്ടായപ്പോഴും ദൈവത്തിലുള്ള വിശ്വാസത്തിൽ മുറുകെപ്പിടിച്ച് എല്ലാറ്റിനെയും ധീരമായി നേരിട്ടു മുമ്പോട്ടുപോയ എൽസ എന്ന പെൺകുട്ടിക്ക് ഒടുവിൽ നല്ലൊരു ജീവിതം ദൈവം കൊടുത്തു. മദ്യം കഴിച്ചും ചീത്തക്കൂട്ടുകെട്ടുകളിൽപ്പെട്ടും ഭർത്താവിനെ അവഗണിച്ച് തന്നിഷ്ടപ്രകാരം ജീവിച്ച വർഷ ഇന്നത്തെ ന്യൂജനറേഷൻ യുവതികളുടെ നേർക്കാഴ്ചയാണ്. ഒടുവിൽ ഭർത്താവ് അവളെ സ്നേഹംകൊണ്ടു കീഴ്പ്പെടുത്തി. താനറിയാതെ വർഷ ഗർഭച്ഛിദ്രം നടത്തിയെന്നു മനസ്സിലായിട്ടും ജയേഷ് അവളെ ഉപേക്ഷിക്കാതെ, ഒന്നു ശകാരിക്കുകപോലും ചെയ്യാതെ ഹൃദയം തുറന്നു സ്നേഹിച്ചപ്പോഴാണല്ലോ വർഷയുടെ മനസ്സിൽ പശ്ചാത്താപം തോന്നിയത്. സ്നേഹംകൊണ്ടു കീഴടക്കാൻ പറ്റാത്തതായി ഒന്നുമില്ല എന്ന സന്ദേശം ഇതു പകർന്നുനല്കുന്നു. ഭർത്താവ് സ്നേഹം മനസ്സിൽവച്ചുകൊണ്ടിരുന്നാൽ പോരാ, അതു പ്രകടിപ്പിക്കണം എന്ന സന്ദേശവും സമൂഹത്തിനു നൽകുന്നു. രണ്ടുപേരും പല കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്തപ്പോൾ അവരുടെ കുടുംബജീവിതവും സന്തോഷപ്രദമായി. ഇതു പുതുതലമുറയിലെ ദമ്പതികൾക്കുള്ള ഒരു സന്ദേശമാണ്.

ഫാദർ മാത്യു കുരിശിങ്കൽ ഇന്നത്തെ വൈദികർക്ക് ഒരു നല്ല മാതൃകയാണ്. സമ്പത്തും തറവാട്ടുമഹിമയും നോക്കാതെ ഡോക്ടർ മനു ഹൃദയശുദ്ധിയുള്ള ഒരു പെൺകുട്ടിയെ കല്യാണം കഴിക്കാൻ തയ്യാറായതും നല്ല സന്ദേശം പകർന്നുനല്കുന്നു. തകർന്ന ബന്ധങ്ങളെല്ലാം വിളക്കിച്ചേർത്ത് കഥ സന്തോഷകരമായി പര്യവസാനിപ്പിച്ചതിനു നോവലിസ്റ്റിന് അഭിനന്ദനങ്ങൾ! എൽസയുടെ ചേച്ചി ടെസിയുടെ ദുരിതംകൂടി ഒന്നു മാറിയിരുന്നെങ്കിൽ എന്നാഗ്രഹിച്ചുപോയി നോവൽ വായിച്ചുതീർന്നപ്പോൾ. ചെറുതെങ്കിലും ആ കഥാപാത്രവും വായനക്കാരുടെ മനസ്സിൽ നൊമ്പരമുണർത്തിയ ഒന്നായിരുന്നു. ഒരു സിനിമ കാണുന്ന പ്രതീതിയോടെ മനസ്സിന്റെ തിരശ്ശീലയിൽ ഓരോ സംഭവവും വ്യക്തമായി കാണാൻ നോവലിസ്റ്റിന്റെ രചനാശൈലിയിലൂടെ കഴിഞ്ഞുവെന്നതാണു സത്യം. നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**പ്രകാശ് വെട്ടം**
**പാലാ**



**പ്രതികരണം**

# ചരിത്രാഖ്യായിയായ നിഖ്യാ സൂനഹദോസ്

നിഖ്യാ സൂനഹദോസിനെക്കുറിച്ചു പുലിയുറുമ്പിലച്ചൻ ആരംഭിച്ചിരിക്കുന്ന പഠനപരമ്പര അത്യന്തം ശ്രദ്ധയോടെ വായിക്കുന്ന ഒരാളാണു ഞാൻ. അച്ചൻ വളരെ വ്യക്തമായി കാര്യങ്ങൾ അവതരിപ്പിച്ചുവരുന്നു. അച്ചനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

നിഖ്യാസൂനഹദോസ് ഉദ്ഘാടനം ചെയ്തുകൊണ്ട് കോൺസ്റ്റന്റൈൻ ചക്രവർത്തി എ ഡി 325 ൽ ചെയ്ത പ്രസംഗത്തിന്റെ കാലികപ്രസക്തി എന്നെ അദ്ഭുതപ്പെടുത്തി. സീറോ മലബാർ സഭയിലെ എല്ലാവരും കണ്ണുതുറന്നു വായിച്ച് ഉള്ളിലേക്കു സ്വാംശീകരിക്കേണ്ടതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. ചക്രവർത്തി പറയുന്നു: "ഇപ്പോൾ നിങ്ങൾ ഏകമനസ്സായിരിക്കണമെന്നും ആത്മാവിന്റെ ഐക്യത്തിൽ ഒരേ അഭിപ്രായം പുലർത്തണമെന്നുമുള്ളതാണ് എന്റെ ആഗ്രഹം. ദൈവത്തിന്റെ സഭയിലെ വിഭജനമാണ് ഏറ്റവും വലിയ തിന്മ." അദ്ദേഹം തുടരുന്നു: "വിഭജനഹേതു എന്താണെന്നു പരിശോധിച്ച് ഈ തർക്കം ഇവിടെ അവസാനിപ്പിക്കുക. അങ്ങനെ നിങ്ങളുടെയിടയിൽ സമാധാനവും അഭിപ്രായൈക്യവും പുനഃസ്ഥാപിക്കുക. അതുവഴി, നിങ്ങളോടൊപ്പം ഞാൻ നമ്മുടെ പൊതുശത്രുവായ പിശാചിന്മേൽ വിജയം നേടട്ടെ. അവനാണ് ഈ ആഭ്യന്തരകലഹം ഇളക്കിവിട്ടത്." നൂറ്റാണ്ടുകൾക്കുമുമ്പ് കോൺസ്റ്റന്റൈൻ ചക്രവർത്തി പറഞ്ഞതിന്റെ പൊരുൾ മനസ്സിലാക്കുന്നതിൽ നാം അമാന്തിച്ചുകൂടാ.

കഴിഞ്ഞ ദിവസം സങ്കടകരമായ ഒരു വീഡിയോ കണ്ടു. ഒരു പെന്തക്കോസ്തുവിഭാഗം കത്തോലിക്കാസഭയ്ക്കുവേണ്ടി പ്രാർഥിക്കുന്നു. കാര്യങ്ങൾ ഇത്രത്തോളമായിട്ടും പ്രശ്നത്തിന് ഒരു പരിഹാരവും കാണുന്നില്ല.

സീറോ മലബാർ സഭയിലെ അല്മായർ സഭയിലെ സംഘർഷവും സംഘട്ടനവും കണ്ടിരിക്കുന്ന കാഴ്ചക്കാർ മാത്രമാണിപ്പോൾ. കഴിവു തെളിയിച്ചിട്ടുള്ള, നിഷ്പക്ഷരായ, മൂല്യബോധമുള്ള എത്രയോ അല്മായപ്രമുഖർ നമുക്കുണ്ട്. പ്രശ്നപരിഹാരത്തിന് അവരെക്കൂടി ഉൾപ്പെടുത്തുന്ന ഒരു കമ്മീഷന്റെ രൂപീകരണത്തെക്കുറിച്ച് സഭാധികാരികൾ ആലോചിക്കുന്നത് ഉചിതമായിരിക്കും.

**ഡോ. റൂബിൾ രാജ്**
**ചങ്ങനാശേരി**

ബാലനോവൽ 13

അന്തിനാട് ജോസ്




# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

“എന്റമ്മോ എന്റെ ചെവി പോയേ. ഞാനിപ്പം മരിക്കുവേ... ഓടിവായോ” ഭടൻ വേദനയേറ്റു പുളയുന്നതിനിടയിലും അലറിക്കരഞ്ഞു.

പെട്ടെന്ന് എല്ലാവരും അവിടേക്ക് ഓടിയെത്തി.

അവർ നോക്കുമ്പോൾ ഭടന്റെ ഒരു കാതു കാണാനില്ല. പകരം ചെവിയിൽനിന്നു ശരീരത്തിലൂടെ രക്തം ഒഴുകുകയാണ്.



“ദൈവമേ, ഇത്തവണയും ഭാഗ്യം നമ്മളെ തുണച്ചു.” കാർഫിയൂസ് പറഞ്ഞു. അല്ലായിരുന്നെങ്കിൽ ആ അമ്പ് കഴുത്തിൽ വന്നു തറച്ചേനെ.”

മുറിഞ്ഞ കാത് എല്ലാവരും ചേർന്ന് ഒരുതരം പച്ചമരുന്നു വച്ചു മുറുക്കിക്കെട്ടി. പിന്നെ മരച്ചുവട്ടിലെ പുൽത്തകിടിയിൽ ഇരുത്തി.

“ഇത് എന്തോ കൊടുംചതിയുടെ ആരംഭമാണ്. നമ്മുടെ അന്ത്യം കുറിക്കാൻ ആരോ കച്ച കെട്ടിയിറങ്ങിയിരിക്കുകയാണ്.” മേഘനാദൻ പറഞ്ഞു.

“സമയം വല്ലാതെ അതിക്രമിച്ചിരിക്കുന്നു. നാം ഉടൻ എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. സോയൂസിന്റെയും എന്റെയും സംശയങ്ങളെല്ലാം ഒന്നൊന്നായി ശരിയായിക്കൊണ്ടിരിക്കുകയാണ്. നമ്മളിപ്പോൾ കൊടിയ ശത്രുക്കളുടെ വലയത്തിൽ അകപ്പെട്ടിരിക്കുകയാണ്. ഏതു സമയത്തും നമ്മുടെയെല്ലാം ജീവൻ അപകടത്തിൽപ്പെടാം.”

അതുകേട്ടു സോയൂസ് പറഞ്ഞു: “അങ്ങു പറഞ്ഞതെല്ലാം ശരിയാണ്. നമ്മെ ആരോ മനഃപൂർവം ചതിയിൽപ്പെടുത്തുകയായിരുന്നു.”

“രാജാവിന്റെ കബറടക്കം സ്വന്തം രാജ്യത്തുനിന്നു മാറ്റാൻ പറഞ്ഞപ്പോൾത്തന്നെ ആ മന്ത്രവാദിയെ അടിയന് ഒരു സംശയമായിരുന്നു.” ഭടൻ പറഞ്ഞു.

“ഇപ്പോൾ സംശയം ശരിയായിരിക്കുന്നു. കാർഫിയൂസ് രാജകുമാരന്റെ സ്ഥാനം തട്ടിയെടുക്കാൻ ആരോ ശ്രമിക്കുന്നുണ്ട്.”

അതുകേട്ട് കാർഫിയൂസ് പറഞ്ഞു: “എന്നാൽ എനിക്കിതു വിശ്വസിക്കാൻ എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ല. എന്റെ അനുജൻ വളരെ സ്നേഹമുള്ളവനാണ്. അവൻ ഒരിക്കലും ഇങ്ങനെ ചെയ്യുമെന്ന് സ്വപ്നത്തിൽപോലും വിശ്വസിക്കാനാവുന്നില്ല. ജ്യേഷ്ഠനെന്നുവച്ചാൽ ജീവന്റെ ജീവനാണ്. രാജാവ് നാടുനീങ്ങിയതറിഞ്ഞ് ഏതെങ്കിലും കൊള്ളക്കാർ ചെയ്യുന്ന ദുഷ്പ്രവൃത്തിയാണോയെന്ന് എനിക്കൊരു സംശയമുണ്ട്.”

“കുമാരാ, അങ്ങനെയെങ്കിൽ സ്വപിതാവിന്റെ സംസ്കാരത്തിനു വന്ന നമ്മെ എന്തിനാണ് കൊലപ്പെടുത്താൻ ശ്രമിക്കുന്നത്. നമ്മുടെ കൈയിൽ പൊന്നും പണവും ഒന്നുമില്ലെന്ന് എല്ലാവർക്കും അറിവുള്ളതാണ്.” മേഘനാദൻ അത്രയും പറഞ്ഞു നിറുത്തി. വീണ്ടും തുടർന്നു:

“അങ്ങനെയെങ്കിൽ അവർ രാജകൊട്ടാരമല്ലേ കൊള്ളയടിക്കേണ്ടത്.” അതുകേട്ട് ഒരു ഭടൻ പറഞ്ഞു: “രാജകുമാരാ, ഇത് കൊടുംചതിയാണ്. കുമാരന്റെ അഭാവത്തിൽ രാജ്യം സ്വന്തം കൈപ്പിടിയിൽ ഒതുക്കാനും മൂത്തവനായ കുമാരനെ വകവരുത്താനുമുള്ള നീചശ്രമമാണ് ഇവിടെ നടക്കുന്നത്.”

“ഞാനും അങ്ങനെതന്നെ വിശ്വസിക്കുന്നു.” സോയൂസും ഉറച്ചസ്വരത്തിൽ പറഞ്ഞു: നമ്മൾ എത്രയും പെട്ടെന്ന് യുദ്ധസജ്ജരാകണം. വേഗം കൈവശമുള്ള വാളുകളും അമ്പുകളും പുറത്തെടുക്കണം. ഉള്ളതുവച്ച് നാം സധൈര്യം അടരാടണം. എന്തു ത്യാഗം സഹിച്ചാണെങ്കിലും ഞങ്ങൾ കുമാരന്റെ ജീവൻ രക്ഷിക്കും. അതിനുവേണ്ടി സ്വന്തം ജീവൻ പോലും വെടിയാൻ അടിയങ്ങൾ മടിക്കില്ല. ഏതൊരു ചതിപ്രയോഗത്തെയും ഞങ്ങൾ സധൈര്യം നേരിടും.

“എനിക്കിതു കേട്ടാൽ മതി. ഞാൻ അതീവ സന്തുഷ്ടനാണ്.” നിങ്ങളുടെ സ്നേഹവും ആത്മവിശ്വാസവും മാത്രം നമുക്കു മതി.

കാർഫിയൂസ് പറഞ്ഞു.

ഏതാനും നിമിഷങ്ങൾ ആരും ഒന്നും ശബ്ദിക്കാതെ കടന്നുപോയി.

“നമ്മുടെ ശത്രുക്കളെ ഏതു രീതിയിലും തകർക്കാൻ നാം നിങ്ങൾക്ക് അനുവാദം തന്നിരിക്കുന്നു.”

“കുമാരാ, ഞങ്ങൾ അങ്ങയുടെ കല്പന ഏറ്റെടുത്തിരിക്കുന്നു.”

എല്ലാവരും ഒരേ സ്വരത്തിൽ ഏറ്റുപറഞ്ഞു.

പെട്ടെന്ന് സോയൂസ് എണീറ്റുനിന്നു പറഞ്ഞു:

“എന്റെ മനസ്സിൽ പുതിയൊരാശയം തോന്നുന്നു. അതു ശരിയാണോയെന്നും കുമാരൻ പറയണം.”

“താങ്കൾ എല്ലാം നമ്മെ ഉണർത്തിച്ചാലും.” കാർഫിയൂസ് പറഞ്ഞു.

“നമ്മൾ ഇന്നുരാത്രി കുന്നിൻചെരുവിലൂടെ കൂറ്റൻ പാറക്കെട്ടുകളുടെ മറപറ്റി ഒളിപ്പോരാളികളായി നീങ്ങണം. കുന്നിന്റെ തെക്കുപുറത്തെ ചെരുവിലൂടെ പമ്മിപ്പമ്മി മലകയറണം. എത്രയുംവേഗം നമ്മൾ ഇവിടം വിടണം. ശത്രുക്കൾ ഈ പ്രദേശത്ത് എവിടെയോ ഉണ്ട്.”

“കൊള്ളാം. ഒന്നാംതരം ആശയം.” കുമാരൻ പറഞ്ഞു.

“ശരി. ഈ ബുദ്ധി അപാരം തന്നെ.”

മേഘനാദനും പിന്താങ്ങി.

അമ്പ് എയ്യുന്നവരെയും കല്ല് ഉരുട്ടുന്നവരെയും നാം കണ്ടുപിടിക്കണം. എന്നിട്ട് അമ്പുകൊണ്ടു നേരിടണം. ഒരാളെയെങ്കിലും ജീവനോടെ കിട്ടിയാൽ ഇതിനു പിന്നിൽ ആരാണെന്നും കണ്ടുപിടിക്കാം. ഈ ചതിക്കു നാം പ്രതികാരം ചെയ്യണം”

ക്രമേണ സൂര്യൻ അസ്തമിച്ചു. കുന്നിൻചെരുവിനെ ഒന്നാകെ ഇരുൾ കരിമ്പടം പുതപ്പിച്ചു. അല്പംകഴിഞ്ഞപ്പോൾ കിഴക്കു ചന്ദ്രൻ ഉദിച്ചു. നേരിയ നിലാവിലൂടെ കാർഫിയൂസിന്റെ നേതൃത്വത്തിൽ അമ്പുംവില്ലുമായി അവർ കുന്നിൻമുകളിലേക്കു മെല്ലെ നീങ്ങി. എവിടെയോനിന്നും രാപ്പക്ഷികളുടെ ചിറകടി സ്വരം ഉയർന്നു.

പൊടുന്നനവെ മലമുകളിൽനിന്നു വലിയൊരു ശബ്ദം ഉയർന്നു. അവർ ഞെട്ടിപ്പോയി. ഭയത്തോടെ മുകളിലേക്കു നോക്കുമ്പോൾ തങ്ങളുടെ നേർക്ക് വലിയൊരു പാറക്കൂട്ടം ഒന്നാകെ പാഞ്ഞുവരുന്നു.

അവർ വേഗം പാറ വരുന്ന വഴിയിൽനിന്ന് ഒഴിഞ്ഞുമാറി. കല്ല് വലിയൊരു ശബ്ദത്തോടെ നദിയിൽ പതിച്ചു.

സോയൂസ് അതുകണ്ടു പറഞ്ഞു:

“നമ്മൾ താവളം മാറിയ വിവരവും ശത്രുക്കൾ മണത്തറിഞ്ഞിരിക്കുന്നു. നാം വളരെയേറെ ശ്രദ്ധിക്കണം. ഇനി ചിലപ്പോൾ പാഞ്ഞുവരുന്നത് അമ്പുകളായിരിക്കാം.”

അകലെ ഒരു കൂറ്റൻപാറക്കെട്ടിന്റെ അടിയിലൂടെ ഒരു മനുഷ്യരൂപം ചലിക്കുന്നത് ഭടന്മാർ കണ്ടു. പിന്നെ സോയൂസും കണ്ടു. അവർ മെല്ലെ അയാളെ അനുധാവനം ചെയ്തു. ആ രൂപത്തിന്റെ കൈയിൽ വലിയൊരു ഇരുമ്പുകമ്പിയുണ്ട്. ചെരിഞ്ഞിരിക്കുന്ന വലിയൊരു കല്ല് കമ്പി കൊണ്ട് ഇളക്കി താഴേക്കിടാൻ ആരംഭിച്ചതും മേഘനാദന്റെ വില്ലിൽനിന്നും ഒരു അമ്പ് ആ രൂപത്തെ ലക്ഷ്യമാക്കി പാഞ്ഞു.

പിന്നെ അവിടെനിന്നും ദിഗന്തങ്ങൾ നടുങ്ങുമാറുച്ചത്തിൽ ഒരു നിലവിളി ഉയർന്നു.

(തുടരും)

---

ശ്രേഷ്ഠമലയാളം

# കുരുത്തം



ഡോ. ഡേവിസ് സേവ്യർ

“കുരുത്തംകെട്ടവൻ തീട്ടം ചവിട്ടിയാൽ എട്ടിടത്ത്”* എന്നൊരു പഴഞ്ചൊല്ല് ചിലരെങ്കിലും കേട്ടിട്ടുണ്ടാവും. കുരുത്തമില്ലാത്തവന് അപകടം പറ്റിയാൽ അത് അവൻതന്നെ വലുതാക്കിത്തീർക്കും എന്നാണ് ആ ചൊല്ലിന്റെ അർഥം. കുരുത്തക്കേട് എന്നൊരു ശൈലിയും പ്രചാരത്തിലുണ്ട്. കുരുത്തമില്ലായ്മ(വികൃതിത്തരം) എന്നർഥം. സംസ്കൃതത്തിലെ ഗുരുത്വമാണ് മലയാളത്തിൽ കുരുത്തം എന്നായത്.

ഗുരു എന്നുള്ള ഭാവമോ സ്ഥിതിയോ ആണ് ഗുരുത്വം. ഗുരുവിന്റെ അനുഗ്രഹവും ഗുരുത്വമാകും. ഗുരുജനങ്ങളോടുള്ള ബഹുമാനം എന്ന അർഥത്തിലും ഗുരുത്വത്തിന് പ്രചാരമുണ്ട്. ഗുരുത്വത്തിന്റെ തദ്ഭവമായ കുരുത്തത്തിനും അതേ അർഥയോജനയാണുള്ളത്. ‘ഗുരു’ സംസ്കൃതശബ്ദമായതിനാൽ അതിനോടു സംസ്കൃതപ്രത്യയമായ ത്വം ചേർക്കണം. മലയാളപ്രത്യയമായ ‘ത്തം’ ചേർത്ത് ‘ഗുരുത്തം’ എന്നു പ്രയോഗിക്കാൻ പാടില്ല. ‘ഗുരു’വിനെ ‘കുരു’ എന്നു മലയാളമാക്കുമ്പോൾ മാത്രമേ ‘ത്തം’ എന്ന പ്രത്യയം ചേരൂ. ഗുരു + ത്വം = ഗുരുത്വം; കുരു + ത്തം = കുരുത്തം. ഇങ്ങനെയാണ് പിരിച്ചു ചേർത്തും എഴുതേണ്ടത്.

ത്വം സംസ്കൃതത്തിലെയും ത്തം മലയാളത്തിലെയും തന്മാത്രതദ്ധിതപ്രത്യയമാണ്. തന്മാത്രം എന്നാൽ അതുമാത്രം എന്നാണർഥം. അതിന്റെ ഭാവം എന്ന അർഥത്തിൽ തന്മാത്രതദ്ധിതത്തിന് ഭാവാർഥതദ്ധിതം എന്നും പേരുണ്ട്. ധർമയിൽനിന്നു ധർമത്തെ മാത്രം എടുത്തു കാണിക്കുന്ന എന്ന അർഥത്തിൽ തന്മാത്രതദ്ധിതം എന്ന സംജ്ഞയും അന്വർഥമാണ്. അങ്ങനെ ഗുരുത്വം, കുരുത്തം എന്നിവ ശരിയായ പ്രയോഗങ്ങളാകുന്നു.

ഡോ. നടുവട്ടം ഗോപാലകൃഷ്ണന്റെ ഇതേക്കുറിച്ചുള്ള നിരീക്ഷണം ചുവടെ ചേർക്കുന്നു: “കുരുത്തം കെട്ടവരും കുരുത്വം കെട്ടവരും നമ്മുടെ ഇടയിൽ ധാരാളമുണ്ടെങ്കിലും ഭാഷാശൈലിക്കു യുക്തം കുരുത്തംകെട്ട എന്ന പ്രയോഗമാണ്. സംസ്കൃത്തിലെ ഗുരുത്വമാണ് മലയാളത്തിൽ കുരുത്തം ആയത്. ചിലർ സംസ്കൃതവാക്കിനനുസരിച്ച് കുരുത്വം എന്നു പറയാറുണ്ട്. നല്ല മലയാളം കുരുത്തമാണ്. ത്വം സംസ്കൃതപദത്തിനും ത്തം മലയാളത്തിനുമുള്ള തന്മാത്രതദ്ധിതപ്രത്യയമാണ്. താന്തോന്നിത്തത്തെ ‘താന്തോന്നിത്വം’ ആക്കുന്നതും ‘കുരുത്വക്കേടു’ പോലെ വികലപ്രയോഗമാണ്.”**

* രാമലിംഗംപിള്ള, ടി., മലയാളശൈലീനിഘണ്ടു, ഡി.സി. ബുക്സ്, കോട്ടയം, 1984, പുറം – 300

** ഗോപാലകൃഷ്ണൻ, നടുവട്ടം, ഡോ., ഭരണഭാഷ അകവും പുറവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2019, പുറം–18.

# മരിക്കുക എന്നു പറഞ്ഞാൽ എന്താണ്?



ജോർജ്ജ് കാടൻകാവിൽ

ഡയറക്ടർ ബെത്‌ലെഹം മാട്രിമോണിയൽ

92493 92518

ബ്രെയിൻട്യൂമറിന് ശസ്ത്രക്രിയ ചെയ്ത് അതു നീക്കം ചെയ്തെങ്കിലും, ഇനി ആയുസ്സ് അധികമില്ലെന്നു തിരിച്ചറിഞ്ഞ സമയത്ത്, എന്റെ ഭാര്യ ഗൗരിക്കുട്ടി എന്നോടു ചോദിച്ചു:

"അപ്പാ ഈ മരിക്കുക എന്നു പറഞ്ഞാലെന്താണ്?"

ഇന്ത്യൻ ആർമിയിൽ, മേജർറാങ്കിൽ ഓർത്തോപീഡിക് നഴ്സായി ജോലി ചെയ്തു വിരമിച്ച ഗൗരിയോട്, മെഡിക്കൽഭാഷയിൽ മരണമെന്തെന്നു വിശദീകരിക്കാൻ എനിക്കു സാധിക്കില്ലെന്നറിയാം. അതുകൊണ്ട് എനിക്കറിയാവുന്ന, ഞാൻ പഠിച്ചിരിക്കുന്ന ടെക്നിക്കൽഭാഷയിൽ മരണത്തെക്കുറിച്ചു ചിന്തിച്ചു. അപ്പോൾ മനസ്സിൽ വന്ന ആശയം വിശദീകരിക്കാനായി, ഒരു സാധാരണ ഫിലമെന്റുബൾബ് സ്വിച്ചിട്ട്, അതു കാണിച്ചു കൊണ്ട് ഞാൻ അവളോടു പറഞ്ഞു: വൈദ്യുതി എന്നത് ഒരു ഊർജമാണ് - Energy.

Energy can neither be created nor be destroyed, but can be transformed from one form to another.



പുതുതായി സൃഷ്ടിക്കാനോ നശിപ്പിക്കാനോ സാധിക്കാത്ത ഒന്നാണ് ഊർജം. അത് ഒരവസ്ഥയിൽനിന്നു മറ്റൊരവസ്ഥയിലേക്കു തരം മാറ്റാൻമാത്രമേ സാധിക്കുകയുള്ളൂ. നമ്മളീ സ്വിച്ചിട്ടപ്പോൾ, ഈ ബൾബിലെ ഫിലമെന്റിൽക്കൂടി വൈദ്യുതി പ്രവഹിച്ചു, അത് പ്രകാശോർജമായി മാറി. ഈ ബൾബ് ഒരു സെക്കന്റിൽ 50 പ്രാവശ്യം കത്തുകയും അണയുകയും ചെയ്യുന്നുണ്ട്. അണഞ്ഞു എന്നതിന്റെ ലക്ഷണം പ്രകടമാകുംമുമ്പേതന്നെ, അതു വീണ്ടും പ്രകാശിക്കും. അതിനാൽ നമുക്കിതു ശ്രദ്ധിക്കാൻപോലും സാധിക്കില്ല.

നമ്മുടെ ജീവിതത്തിൽ സ്വന്തം കണ്ണുകൊണ്ടു കണ്ടതാണ് എന്നു പറയാറുള്ള പലതും, ഇതുപോലുള്ള മായക്കാഴ്ചകളായിരിക്കാൻ സാധ്യതയുണ്ടെന്നു മറക്കരുത്.

പ്രകാശം തരംഗങ്ങളായിട്ടാണു പ്രസരിക്കുന്നതും പരക്കുന്നതും നമ്മുടെ കണ്ണിൽ വന്നെത്തുന്നതും. കണ്ണിൽ വന്നെത്തുന്ന കാഴ്ച, തലച്ചോറിലേക്കയച്ച് അതെന്താണെന്ന് നമ്മുടെ തലച്ചോറിൽ പതിഞ്ഞിട്ടുള്ള അറിവുപയോഗിച്ച് വിവർത്തനം ചെയ്താണ്, തലച്ചോർ ഓരോ കാഴ്ചയെയും കുറിച്ചു മനസ്സിലാക്കുന്നതും അതിനുചിതമായ വിധത്തിൽ ഓരോന്നു ചെയ്യാൻ നമ്മുടെ ശരീര ഭാഗങ്ങളോടു നിർദേശിക്കുന്നതും.

നമ്മുടെ ശരീരത്തിൽ ഭക്ഷണം ദഹിപ്പിച്ചു തരംമാറ്റം വരുത്തി ശേഖരിക്കുന്ന ഊർജം തലച്ചോറിനെ പ്രവർത്തിപ്പിച്ചു സൃഷ്ടിക്കുന്ന തരംഗങ്ങളിൽ ഒന്നാണ് നമ്മുടെ ചിന്തകൾ. നമ്മുടെ ഓരോ ചിന്തയും തരംഗങ്ങളായി പ്രപഞ്ചത്തിൽ ആലേഖനം ചെയ്യപ്പെടുന്നുണ്ട്.

ചിന്തകൾമാത്രമല്ല, നമ്മൾ പറയുന്ന ഓരോ വാക്കും ചെയ്യുന്ന ഓരോ പ്രവൃത്തിയും അതിന്റേതായ തരംഗങ്ങൾ സൃഷ്ടിക്കുകയും അതു പ്രപഞ്ചത്തിൽ നിലനിൽക്കുകയും ചെയ്യും.

നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും തമ്മിൽത്തമ്മിൽ ഐക്യമുള്ളതാണെങ്കിൽ അവ സൃഷ്ടിക്കുന്ന തരംഗങ്ങൾ പരസ്പരം ഇഴുകിച്ചേരും. നമ്മുടെ മനസ്സ് അസ്വസ്ഥതകളില്ലാതെ ശാന്തമായിരിക്കും. നമ്മുടെ അന്തരംഗം സ്വർഗതുല്യമായ അവസ്ഥയിലായിരിക്കും.

നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും തമ്മിൽത്തമ്മിൽ പൊരുത്തപ്പെടാത്തതോ നീതിക്കു നിരക്കാത്തതോ പ്രകൃതിവിരുദ്ധമോ കൃത്രിമമോ അസത്യമോ അന്യായമോ ആണെങ്കിൽ, അവ സൃഷ്ടിക്കുന്ന തരംഗങ്ങൾ പരസ്പരം വിഘടിച്ചും, വിരോധിച്ചും വിഷമിച്ചും പ്രപഞ്ചതരംഗങ്ങളോടുവരെ സമ്മർദത്തിൽ നിലകൊള്ളും. മനസ്സ് എപ്പോഴും ഒരു സമരഭൂമിപോലെ അസ്വസ്ഥമായിരിക്കും. അങ്ങനെ നമ്മുടെ അന്തരംഗം നരകതുല്യമായ അവസ്ഥകളിലെത്തും.

ഇനി നമുക്ക് ഈ സ്വിച്ച് ഓഫ് ചെയ്തു നോക്കാം. ഇപ്പോൾ ഫിലമെന്റിലൂടെ ഒഴുകിയിരുന്ന വൈദ്യുതി നിലച്ചു. അതാ, കണ്ണടയുന്നതുപോലെ ആ ഫിലമെന്റ് പുറപ്പെടുവിച്ചിരുന്ന പ്രകാശം അണയുന്നു.

ശരീരത്തിലെ വൈദ്യുതി നിലയ്ക്കുമ്പോഴും ഇതുപോലെയാണ്. ഹൃദയമിടിപ്പും ശ്വാസോച്ഛ്വാസവും നിലയ്ക്കും തലച്ചോർ ഒരു അവസാനതരംഗം പുറപ്പെടുവിക്കും എന്നിട്ട് ശരീരം ഉപേക്ഷിച്ച് ആ തരംഗം പുറത്തുകടക്കും.

തലച്ചോർ പുറപ്പെടുവിക്കുന്ന ആ അവസാനതരംഗം ഒരു പക്ഷേ, നമ്മൾ ഇതുവരെ പുറപ്പെടുവിച്ച് ഈ പ്രപഞ്ചത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന നമ്മുടെ സ്വന്തം തരംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടാനുള്ള അന്തിമ നിർദേശം ആയിരിക്കാം.

നമ്മുടെ ചെയ്തികൾ പ്രകാശമുള്ളതും അവ ജീവിതകാലത്തുടനീളം പുറപ്പെടുവിച്ചിട്ടുള്ള തരംഗങ്ങൾ ഐക്യമുള്ളതും ആയിരുന്നെങ്കിൽ അവസാന തരംഗം മുൻകാല തരംഗങ്ങളെ സംയോജിപ്പിച്ച് ഈ ലോകത്തിന്റെ പ്രാരബ്ധങ്ങൾക്കെല്ലാം അതീതമായി മാറും.

ഗൗരീ, നിന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളുമൊക്കെ, തമ്മിൽത്തമ്മിൽ ഐക്യമുള്ളതായിരുന്നു. മാത്രമല്ല, നിന്റെ ചുറ്റുമുള്ളവരുടെ തരംഗങ്ങളോടും ഐക്യമുള്ളതായിരുന്നു. അതിനാൽ, നിന്റെ തരംഗങ്ങൾ ഇവിടെ നിന്റെ കുടുംബത്തിൽ ഞങ്ങളോടൊപ്പം നിലനിൽക്കും.

(ശേഷം 9-ാം പേജിൽ)

ADVT

(8-ാം പേജ് തുടർച്ച)

നിന്റെ വൈദ്യുതി നിലച്ചാലും ശരീരം മാത്രമേ നീ ഉപേക്ഷിക്കുന്നുള്ളൂ. അതൊരു നഷ്ടമല്ല, ഭാരം ഉപേക്ഷിക്കലാണ്. **നമ്മുടെ ചിന്തകളുടെയും ഓർമകളുടെയും തരംഗങ്ങളല്ലാതെ, ഈ ലോകത്തിലെ യാതൊരു വസ്തുവും, മരണശേഷം നിനക്ക് ആവശ്യമില്ല.**

അതിനാൽ ഈ ലോകത്ത് ആരോടെങ്കിലുമോ, എന്തിനോടെങ്കിലുമോ, നിനക്കു ദേഷ്യമോ വിരോധമോ പിണക്കമോ ഉണ്ടെങ്കിൽ, അതു മുഴുവനും ഇപ്പോൾത്തന്നെ നിരുപാധികം നിന്റെ മനസ്സിൽനിന്നു സന്മനസ്സോടെ വിട്ടുകളയുക. നീ ആരോടെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ, എനിക്കാവുംവിധം ഞാനതിനു പ്രായശ്ചിത്തം ചെയ്തുകൊള്ളാം. **അതിനുംകൂടെവേണ്ടിയാണ് നീ അധ്വാനിച്ചതും, കഷ്ടപ്പെട്ടതും, നിന്റെ കുടുംബം സ്നേഹത്തിൽ വളർത്തിയെടുത്തതും.**

ഗൗരി അതു പൂർണമായി അംഗീകരിച്ചു എന്നു ഞാൻ കരുതുന്നു. വളരെ ശാന്തതയിൽ ഏതാനും ആഴ്ചകൾകൂടി, പലവിധ തമാശകൾപോലും കാണിച്ച്, ഒടുവിൽ ബൾബിന്റെ ഫിലമെന്റ് അണയുംപോലെ, കണ്ണുകളടച്ചു ശരീരം ഉപേക്ഷിച്ചു തരംഗങ്ങളായി, ഈ പ്രപഞ്ചത്തിൽ അവൾ ആലേഖനം ചെയ്യപ്പെട്ടു.

2016 നടന്ന കാര്യമാണ്. ഇതിപ്പോൾ വീണ്ടും ചികഞ്ഞെടുക്കാൻ ഒരു കാരണമുണ്ടായി. ഞാൻ താമസിക്കുന്ന റിട്ടയർമെന്റുഹോമിൽ, എനിക്ക് അമ്മയുടെ സ്ഥാനത്തുള്ള ഒരുപാട് അമ്മച്ചിമാരുണ്ട്. അതിൽ ഒരമ്മയോട്, നമുക്കു ദിവാകരനെ കാണാൻ പോകണ്ടേ? എന്നു ചോദിച്ചു: അവരെയും കൂട്ടി, മിക്ക ദിവസവും വൈകുന്നേരം, ഞങ്ങൾ നടക്കാൻ പോകും. ബ്ളെസ്സിലെ മെയിൻ റിസപ്ഷനു മുന്നിലുള്ള സൺസെറ്റ് പോയിന്റിലിരുന്ന്, സൂര്യാസ്തമയം വരെ പാട്ടും തമാശകളുമായി ഞങ്ങൾ നേരം പോക്കും.

അമ്മയൊരു പ്രശസ്ത ഡോക്ടറാണ്. 84 വയസ്സായി. ആ പ്രായത്തിന്റേതായ പലവിധ അവശതകളുമുണ്ട് ഇപ്പോൾ. കഴിഞ്ഞദിവസം നടക്കാനിറങ്ങിയപ്പോൾ കുറച്ചു ക്ഷീണവും തലകറക്കവും തോന്നി. അപ്പോൾ അമ്മ പറഞ്ഞു: "മര്യാദയ്ക്ക് ഒന്നെണീറ്റുനടക്കാൻ പോലും വയ്യാതെ, എന്തിനാ ഞാൻ ഇങ്ങനെ ജീവിച്ചിരിക്കുന്നത്? എന്താണാവോ മരിക്കാത്തത്!"

അമ്മയോടെന്ത് പറയണമെന്നു ഒരുനിമിഷം ഞാൻ സംശയിച്ചു, പെട്ടെന്നു ഞാൻ ചോദിച്ചു:

"അമ്മയൊരു ഡോക്ടറല്ലേ, മരിക്കുക എന്നു പറഞ്ഞാൽ എന്താണ്?"

അമ്മ ഉടൻതന്നെ നിസ്സംശയം പറഞ്ഞു: "ഒരാളുടെ ശ്വാസകോശവും ഹൃദയവും പ്രവർത്തനം നിർത്തിയ അവസ്ഥയാണ് മരണം."

മെഡിക്കൽഭാഷയിൽ ഒരു ഡോക്ടറുടെ മറുപടി കേട്ടപ്പോഴാണ്, പണ്ട് ടെക്നിക്കൽ ഭാഷയിൽ ഞാൻ ഗൗരിയോടു പറഞ്ഞ കാര്യങ്ങൾ വീണ്ടും ഓർമിച്ചത്. പിന്നെ അമ്മയോടു ഞാൻ അതെല്ലാം വിവരിച്ചുകൊടുത്തു.

എല്ലാം കാതുകൂർപ്പിച്ചു ശ്രദ്ധയോടെ കേട്ടശേഷം, എന്തോ തമാശ കേട്ടതുപോലെ ചിരിച്ചുകൊണ്ട് അമ്മ പറഞ്ഞു: "ഈ ഫിലോസഫിയൊക്കെ കേൾക്കാൻ രസമാണ്. പക്ഷേ, കോടാനുകോടി ജീവികളുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും സൂക്ഷിച്ചുവയ്ക്കാൻ എന്തുമാത്രം സൗകര്യം വേണം. എനിക്കാണെങ്കിൽ ഈ ഫോണിൽ വരുന്ന മെസേജുകൾ സൂക്ഷിക്കാൻപോലും ഇതിൽ സ്ഥലമില്ല."

അമ്മേ, ഫോൺ മനുഷ്യൻ നിർമിച്ചതല്ലേ? മനുഷ്യനു സാധിക്കുന്നതുപോലെ, അപ്പപ്പോഴത്തെ ആവശ്യം നടത്താൻ സാധിക്കുന്ന, പരിമിതകാലത്തേക്കുപയോഗിക്കാൻവേണ്ടി, ലാഭകരമായി നിർമിക്കാവുന്ന സാധനങ്ങളായിരിക്കും, മനുഷ്യൻ നിർമിക്കുന്നത്.

പക്ഷേ, മനുഷ്യനെ നിർമിച്ചത് പ്രപഞ്ചസ്രഷ്ടാവാണ്. സ്വാർഥനായ മനുഷ്യനെ മാത്രമല്ല, സകല ചരാചരങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുന്ന, പരമാണുപൊരുളിലും സ്ഫുരണമായി കുടികൊള്ളുന്ന പ്രപഞ്ചസ്രഷ്ടാവിന്റെ പദ്ധതികൾ, മനുഷ്യനു സങ്കല്പിക്കാൻ സാധിക്കുന്നതിലും അപ്പുറമാണമ്മേ.

മനുഷ്യന്റെ അറിവിനും കഴിവിനും ധാരാളം പരിമിതികളുണ്ട്. ഉദാഹരണത്തിന്, ഒരു മനുഷ്യന്റെ തലയിൽ എത്ര ലക്ഷം മുടിയിഴകളുണ്ട്? ശരീരത്തിൽ എത്ര ലക്ഷം രോമങ്ങളുണ്ട്? അമ്മയുടെ ഈ തലമുടിനാര് ഇഴകീറി പരിശോധിച്ചാൽ, എന്തു കാണാമെന്നാണ് മനുഷ്യന് ഇപ്പോൾ അറിയാവുന്ന ശാസ്ത്രം പറയുന്നത്?

ശരീരത്തിൽ അഞ്ചുലക്ഷത്തോളം മുടിയിഴകൾ വരെയുണ്ടാവാം എന്നാണ് ശാസ്ത്രത്തിന്റെ ഏകദേശക്കണക്ക്. വളരെ നേർത്തതും അതിലോലവുമായ ഒരു മുടിയിഴയ്ക്കുള്ളിൽ സങ്കീർണമായ ഒരു വലിയ ലോകമുണ്ട്. ഓരോ രോമകൂപത്തിലും ഒരു ന്യൂക്ലിയസ് അടങ്ങിയ അനേകം കോശങ്ങളുണ്ട്. ന്യൂക്ലിയസിനുള്ളിൽ, ക്രോമാറ്റിൻ, ക്രോമസോമുകളായി വികസിക്കുന്നു, ആ ക്രോമസോമുകളുടെ ഹൃദയഭാഗത്താണ് ഡി.എൻ.എ. എന്ന ജീവന്റെ ബ്ലൂപ്രിന്റ്. ഇവിടെയാണ്, ഡിഎൻഎയിൽ, നമ്മുടെ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ എന്നിവയുടെ കഥകൾ എൻകോഡ് ചെയ്തിരിക്കുന്നതത്രേ.

സ്വന്തം ശരീരത്തിൽ എത്ര മുടിയിഴകളുണ്ട് എന്നുപോലും കൃത്യമായി കണ്ടുപിടിക്കാനാവാത്ത മനുഷ്യൻ, ലോകം കീഴടക്കി എന്നും, ദേ ഇപ്പോൾ കീഴടക്കാൻ പോകുന്നു, എന്നുമൊക്കെ വീമ്പിളക്കിനടക്കും. ഉപജീവനത്തിനോ എന്തെങ്കിലും ലാഭം ഉദ്ദേശിച്ചോ ഒക്കെയാണ് ഇത്തരം പ്രകടനങ്ങൾ.

പക്ഷേ, നമ്മൾ എത്ര പ്രഗല്ഭരായിരുന്നാലും, എന്തെല്ലാം നേടിയാലും ശരി, അതു തമ്മിൽത്തമ്മിൽ പൊരുത്തപ്പെടാത്ത ചിന്തകളും വാക്കുകളും പ്രവൃത്തികളുംവഴി ആയിരുന്നെങ്കിൽ, നമ്മുടെ തരംഗങ്ങൾ പരസ്പരം വിഘടിച്ചും വിരോധിച്ചും നിലകൊള്ളും.

അത്തരമൊരു മനുഷ്യൻ മരിക്കുമ്പോൾ പുറപ്പെടുവിക്കുന്ന അവസാനതരംഗം, പരസ്പരവിരോധത്തിൽ ആലേഖനം ചെയ്യപ്പെട്ടുപോയിരിക്കുന്ന അയാളുടെ മുൻകാല തരംഗങ്ങളെത്തേടി അലഞ്ഞലഞ്ഞ്, അവയെ ഐക്യത്തിലെത്തിക്കാനാവാതെ, നരകതുല്യമായ അവസ്ഥയിലാകും.

ഈ പ്രപഞ്ചത്തിൽ ഒരു വീടും കുടുംബവും പ്രിയപ്പെട്ടവരെയും, കാലക്രമത്തിൽ ഒരു ജീവിതപങ്കാളിയെയും നേടി, അവരോടൊപ്പം ആസ്വദിച്ചുജീവിക്കാൻ കിട്ടിയ **'ഒരു മനുഷ്യായുസ്സെന്ന അല്പനേരം'**, ഇങ്ങനെ ഞാൻ, ഞാൻമാത്രം, എന്റേത്, എന്റേതുമാത്രം എന്ന സ്വാർഥതയിൽ ചിന്തിച്ചും അഹങ്കരിച്ചും കോപിച്ചും കരഞ്ഞും സങ്കടപ്പെട്ടുമൊക്കെയായി, വെറുതെ പാഴാക്കിക്കളയാൻ ആർക്കും ഇടയാവരുതേ എന്ന പ്രാർഥനയോടെ,

ജോർജ്ജ് കാടൻകാവിൽ



നോവൽ 2

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

**പു**റത്ത് വലിയ ബഹളം കേട്ടുകൊണ്ടാണ് അവൾ ഉണർന്നത്. കൊച്ചുപ്പാപ്പനാണ്.

"എന്തിയേ ആ തെമ്മാടിയെന്തിയേ?"

ലിസി ചെവി വട്ടം പിടിച്ചു. "എടാ റോയീ, നിനക്കു ഞാൻ വച്ചിട്ടുണ്ടെടാ, നീ ഇന്നു വാങ്ങിയത് അഡ്വാൻസുമാത്രം, ബാക്കി പിന്നെത്തരാം."

''നിനക്കെന്നാ ഭ്രാന്തുപിടിച്ചോ, എന്റെ മോനെ അവന്റെ വീട്ടീന്നെറക്കിത്തല്ലാൻ, കുഞ്ഞവറാച്ചനു തല്ലാൻ കൊതിയാണേ നിന്റെ മക്കളെ പോയിത്തല്ല്.'' അമ്മച്ചി രോഷംകൊണ്ടു വിറയ്ക്കുന്നു.

"ദേ ചേടത്തീ, എന്നെക്കൊണ്ട് കൂടുതൽ പറേപ്പിക്കരുത് പറഞ്ഞേക്കാം. ഞാൻ നല്ല പുളിച്ചതൊക്കെ വിളിച്ചുപറേം."

"എന്നാ നീ പറേടാ ഞാങ്കേക്കട്ടെ."

അപ്പനാണ്.

ലിസി ഉള്ളംതുറന്നു ദൈവത്തോടു പ്രാർഥിച്ചു: ''എന്റെ കർത്താവായ യേശുവേ, കൊച്ചുപ്പാപ്പനെ ഇവിടന്നു മാറ്റിത്തരണേ, സമാധാനം തരണേ."

കർത്താവ് ലിസിയുടെ പ്രാർഥന കേട്ടതായിരിക്കാം, ക്രമേണ കൊച്ചുപ്പാപ്പന്റെ കലിയടങ്ങി. കൊച്ചുപ്പാപ്പൻ വിജയീഭാവത്തിൽ തറവാട്ടിലേക്കു മടങ്ങി.

വീട്ടിൽ പതിവില്ലാത്ത ശാന്തത. ശ്മശാനമൂകത.

ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് അയല്ക്കാരനായ മൂലേൽ ഈപ്പച്ചൻ കടന്നുവന്നു.

''ബേവിച്ചോ, ഞാനവിടെ ഒണ്ടാരുന്നു കേട്ടോ, സംഭവം നടക്കുമ്പം, നിങ്ങടെ തറവാട്ടില്."

"എന്നാ സംഭവമാ ഈപ്പച്ചാ?" അപ്പൻ തിണ്ണയിലേക്കിറങ്ങിച്ചെന്നു. അമ്മയും പിന്നാലെ ചെന്നു ചോദിച്ചു: "എന്നതാ അവിടെ നടന്നെ?"

"അതു കുഞ്ഞന്നാമ്മേ, ഇവിടുത്തെ റോയിച്ചൻ അവന്റെ ഷർട്ടും പാന്റും അവരുടെ എലക്ട്രിക്കൽ പെട്ടികൊണ്ട് തേക്കുവാരുന്നു. ഉടനെ കുഞ്ഞവറായുടെ പെമ്പിളയ്ക്കതു സഹിച്ചില്ല. അവളു പറഞ്ഞു; എന്നും വന്നു തുണി തേക്കും, കറന്റുചാർജ് നമ്മളു കൊടുക്കണം. ആ പെട്ടി കേടാക്കിയേ ഇവൻ അടങ്ങത്തൊള്ളൂ. നിങ്ങളു ചെന്ന് താക്കീതുകൊടുത്തു പറഞ്ഞുവിട് എന്ന്."

''കുഞ്ഞവറാ എന്നിട്ടെന്നാ പറഞ്ഞു ഈപ്പച്ചാ?"

അപ്പൻ ചോദിച്ചു.

"കുഞ്ഞവറാ പറഞ്ഞു: "എല്ലാരും നോക്കുമ്പം പറമ്പാദായമെല്ലാം നമ്മളല്ലേ എടുക്കുന്നേ, മലേഷ്യക്കാരും ഓസ്ട്രേലിയക്കാരുമെല്ലാം പ്രതിമാസം രൂപാ അയച്ചുതരുന്നില്ലേന്ന്, അതുകൊണ്ട് അവൻ വല്ലപ്പഴും വന്ന് തുണി തേച്ചിട്ടു പോട്ടെടീന്ന്."

"ദേ, നിങ്ങള് മഹാമാന്യൻ കളിച്ച് ഫോറിൻ കുപ്പീം കുടിച്ച് പതുക്കെപ്പറ, അവിടെ ആ നാരദൻ തിണ്ണേലിരിപ്പൊണ്ട്."

ഈപ്പച്ചൻ തുടർന്നു: "എനിക്കവന്റെ ആ എരണംകെട്ട പെണ്ണുമ്പിള്ളേ, എന്നതാ അവടെ പേര് മറിയക്കുട്ടീന്നല്ലേ, ആ ജന്തൂനെ കാണാമ്മേല. ഒള്ളതങ്ങു പറഞ്ഞേക്കാം. അവളു തോട്ടിലും മുക്കിലും മൂലേലുമെല്ലാം എന്നെ നാരദൻന്നു വിളിക്കുന്നതെന്റെ കെട്ടിയോളും മക്കളും അറിഞ്ഞു."

പിന്നെ ആരും ഒന്നും മിണ്ടിയില്ല.

ഈപ്പച്ചൻചേട്ടൻ പോയി.

"ഇച്ചാച്ചാ, റോയിമോനെ വിളിച്ചു ചോയിക്ക് – എന്നാ നടന്നെന്ന് കൃത്യമായി അറിയാല്ലോ."

റോയി ഗദ്ഗദകണ്ഠനായി പറഞ്ഞു:

"അച്ചാ...ച്ചാ... എന്റെ പെങ്ങമ്മാരെ അവരടെ ചേടിപ്പണിക്കു കിട്ടാത്തേന്റെ ദെണ്ണാ അവർക്ക്. ലിസീം മേഴ്സീം പോയി കോരിക്കൊടുക്കാഞ്ഞിട്ടാ, എന്നോടു പശൂനേം മൃഗാശുത്രി കൊണ്ടുപോകാൻ പറഞ്ഞപ്പം ഞാമ്പറഞ്ഞു എനിക്കു നാളെ പള്ളിയിൽ ശുശ്രൂഷയ്ക്കിടാനുള്ള കുപ്പായം എളുപ്പം തേച്ചിട്ട്, പള്ളീൽപോണം ഇന്ന് സുറിയാനിക്ലാസ്സുണ്ടെന്ന്. അന്നേരം എന്റെ അപ്പനേം അമ്മേംപറ്റി ഒത്തിരി മോശമായിപ്പറഞ്ഞു.

"ഞാമ്പറഞ്ഞു, ഇവിടെ ഇഷ്ടംപോലെ വേലക്കാരില്ലേ, ഞങ്ങളെ വെറുതെ വിടെന്ന്, അതിന്റെ



ബഹളമാ ഈ കണ്ടതുംകേട്ടതുമെല്ലാം."

അമ്മയ്ക്ക് ആധിയായി... എന്റെ പൊന്നേ, ഇനി ഈ കാര്യങ്ങൾ പൊടിപ്പും തൊങ്ങലുംവച്ച് മാത്തുക്കുട്ടിയേം പാപ്പനിച്ചായനേം അറീക്കും. മാത്തുക്കുട്ടി നിന്നെ കൊണ്ടുപോകാനിരുന്നതാ. അതും പാളിപ്പോകും"

"എന്റെ അമ്മേ, വേറേ പണി നോക്ക്. നമ്മടെ പെമ്പിള്ളേരെ അങ്ങനെ ആർക്കും കോരാൻ ഇനി വിടണ്ട. തറവാട്ടുമുറ്റത്ത് മറ്റു കൊച്ചുമക്കൾ ഓടിക്കളിച്ചുല്ലസിക്കുന്നതും, ഭക്ഷണം കഴിച്ച് പൊട്ടിച്ചിരിച്ചു നടക്കുന്നതും കാണുന്നില്ലേ, അതുപോലാണോ നമ്മടെ പിള്ളേരെ അവര് കരുതീരിക്കുന്നത്. ഇച്ചാച്ചനും അമ്മേം എന്തിനാ ഇങ്ങനെ പേടിക്കുന്നത്, നിങ്ങളുകാരണമാണ് ഞങ്ങളീ കഷ്ടങ്ങളൊക്കെ സഹിക്കേണ്ടിവരുന്നത്. നിങ്ങടെ ചുണക്കുറവ്, അറിയാവോ?"

"സംഭവം നടക്കുമ്പം മാത്തുക്കുട്ടി അവിടെ ഒണ്ടാരുന്നോ മോനേ."

"ഇല്ല, മാത്തുപ്പാപ്പനും പിള്ളേരും അച്ചോയീടെകൂടെ കരിമ്പൻതോടു കാണാൻ പോയിരികാരുന്നു."

"ഡോറിൻ കേട്ടില്ലേടാ?"

"ഇല്ലെന്നേ. കൊച്ചമ്മ അച്ചോയീടെ വീട്ടിലാരുന്നു."

ഇച്ചാച്ചൻ സങ്കടത്തോടെ ചോദിച്ചു: "കുഞ്ഞവറാ നിന്നെ ഒത്തിരി തല്ലിയോടാ മകനേ."

"ഇല്ല...ച്ചാ...ച്ചാ..." റോയിച്ചന്റെ ശബ്ദം മുറിഞ്ഞുപോയി.

മേഴ്സി പറഞ്ഞു: "ദാ നോക്ക്, റോയിച്ചാച്ചന്റെ കവിളിലും പുറത്തും കരിവാളിച്ചുകിടക്കുന്ന വിരൽപ്പാടുകൾ."

ലിസിക്കു സങ്കടമായി, അവൾ തീരുമാനിച്ചു: കർത്താവേ, ഞാൻ കാരണമാ റോയിച്ചാച്ചൻ തല്ലു കൊണ്ടതും ഇങ്ങനെ വഴക്കുണ്ടായതും. ഇനിയും ഇത്തരം സീനൊന്നും വേണ്ട, തന്റെ ഈഗോ കളയണം. ആ വല്യമ്മത്തള്ള 'കൊണം പിടിക്കാൻ' വീണ്ടും അടിമപ്പണി ചെയ്തുകൊടുത്തേക്കാം.

അടുത്തയാഴ്ച മാത്തുപ്പാപ്പൻ മടങ്ങിപ്പോകും. അതുകൊണ്ട് അമ്മച്ചി പറഞ്ഞപ്രകാരം വല്യമ്മച്ചിയെ പ്രസാദിപ്പിക്കാൻ ആവുമ്പോലെ സഹായിക്കാം. ലിസി തീരുമാനിച്ചു. കൊച്ചമ്മ എല്ലാമൊപ്പിച്ചുവച്ചിട്ട് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ മട്ടിൽ കേമത്തിയാകും.

ലിസി ഓർമകളിൽ ഊയലാടി. താൻ പത്താംതരം പഠിക്കുന്ന സമയം. പുസ്തകവുമായി കരോട്ടെ ജാതിച്ചോട്ടിലിരുന്ന് ഉച്ചത്തിൽ വായിക്കുകയാണ്. കൊച്ചമ്മയിലെ അസൂയാലുവായ അത്യാഗ്രഹി ഉണർന്നു. വല്യമ്മച്ചിയോടു കൊച്ചമ്മ പറഞ്ഞു:

''അമ്മേ, താഴത്തെ ലിസിയ്ക്കു വിളിച്ച് ഇച്ചിരി കപ്പേം കഞ്ഞീം കൊടുക്കാം അല്ലേ? വിളിക്കട്ടെ?"

"ഈ പെണ്ണ് എപ്പം നോക്കിയാലും ഒരു പൊത്തകോം പിടിച്ച് പരൂക്ഷാന്നു പറഞ്ഞാ നടപ്പ്. എന്നാ അതിന്റെ മെകവുവല്ലോമൊണ്ടോ അതുമില്ല. ഏതായാലും നീ വിളിച്ച് വല്ലോം ഇച്ചിരി കൊടുത്തിട്ട് ആ കന്നാലിക്കൂടും ചുറ്റുവട്ടോമൊക്കെ ഒന്നു വെടിപ്പാക്കീര്."

വയറ്റിൽ വിശപ്പുമായി വായനയിൽ മുഴുകിയിരുന്ന ലിസിയെ വിളിച്ച് കൊച്ചമ്മ പറഞ്ഞു: "എടീ വാടീ, എളുപ്പം വന്ന് ഇച്ചിരി കപ്പ തിന്നേച്ച് അമ്മ കാണാതങ്ങു പൊക്കോ. നീ വന്നതായിപ്പോലും ഞാമ്പറയാൻ പോകുന്നില്ല."

ഇത്തിരി കപ്പ വേവിച്ചത് കൊച്ചമ്മ ഒരു പാത്രത്തിലിട്ടു തന്നു. ലിസി പറഞ്ഞു: ''കൊച്ചമ്മേ ഞാൻ താഴെക്കൊണ്ടോയി എന്റെ അമ്മേം ഞാനൂടെ തിന്നേച്ച് എളുപ്പം പാത്രം കൊണ്ടെത്തരാം."

കൊച്ചമ്മ അല്പം കപ്പപ്പുഴുക്കുംകൂടി തവിയിൽ കുടഞ്ഞു തന്നതായി ആക്ട് ചെയ്തു.

എന്നിട്ട് ശബ്ദം താഴ്ത്തിപ്പറഞ്ഞു: "എന്റെ ദൈവേ, എന്നെ ഇതുപോലെ സ്നേഹിക്കാനും അന്വേഷിക്കാനുമൊരു മോളേ തന്നില്ലല്ലോ. താഴത്തെ കൊച്ചമ്മ എത്ര ഭാഗ്യവതിയാ... ചാകുമ്പം തലയ്ക്കലും കാല്ക്കലുമിരിയ്ക്കാൻ പെൺമക്കളൊണ്ടല്ലോ"

ലിസിയോർത്തു: താഴെ എന്റെ അമ്മയ്ക്ക് നാലാണും മൂന്നുപെണ്ണും. എന്നിട്ടും അമ്മ പറയുന്നു; ആ മൂന്നുംകൂടി ആണായിരുന്നേ എത്ര നന്നായിരുന്നെന്ന്. സ്ത്രീധനോം സ്വർണോം ഉണ്ടാക്കിക്കൊടുക്കണമല്ലോ എന്ന ആധിയായിരുന്നു അമ്മയുടെ ആ ചേതോവികാരത്തിനു പിന്നിൽ. ആ കൂടെത്തന്നെ അമ്മ പറയും: എനിക്കു മൂന്നു പെണ്ണാണേന്നു പറഞ്ഞു കരഞ്ഞപ്പം എന്റെ പെണ്ണുകെട്ടാത്ത, മക്കളില്ലാത്ത മൂത്താങ്ങള കുഞ്ഞോച്ചായി പറഞ്ഞു; കുഞ്ഞന്നാമ്മേ നിനക്കു മൂന്നു പെൺമക്കളെ ദൈവം തന്നതാ. അവർ ഒരധികപ്പറ്റുമല്ല, അതുങ്ങളാ വീട്ടിലെ പണിയൊക്കെ ചെയ്തോളും നിനക്കൊരു രാജ്ഞി കണക്കെ വാഴാമെന്ന്.

പെണ്ണിനെ ഒരിടത്ത് ഓക്കാനം, മറ്റൊരിടത്ത് പെണ്ണില്ലേന്നു പറഞ്ഞ് വിലാപം. എന്തൊരു വിരോധാഭാസം ദൈവമേ! ലിസി ദീർഘമായി ഒന്നു നിശ്വസിച്ചു. പെണ്ണില്ലേലും തങ്ങൾക്കുവേണ്ടി മാത്തുക്കുട്ടിപ്പാപ്പൻ കൊണ്ടുവന്ന നല്ല ഡ്രസ്സൊക്കെ തട്ടിപ്പറിച്ചെടുത്ത് കൊച്ചമ്മ അവരുടെ സഹോദരങ്ങളുടെ പെൺമക്കൾക്കു കൊടുക്കുന്നു.

എന്തായാലും കൊച്ചമ്മയുടെ വിദ്യ ഫലിച്ചു. ലിസിയെ കുപ്പിയിലിറക്കി വല്യമ്മച്ചിക്കു കൊടുത്തു, വീട്ടുവേലകളെല്ലാം തകൃതിയായി എടുപ്പിക്കുന്നു.

കിണറ്റിലെ വെള്ളം കോരുന്ന കപ്പിയിൽ എണ്ണയില്ലാതെ വലിക്കുന്ന കരകരശബ്ദം കേട്ടിട്ട് തന്റെ അമ്മ പറഞ്ഞു: എന്റെ ലിസി അവിടെപ്പോയി വെള്ളം വലിക്കുന്നു. ഞാൻ പശുവിനു കൊടുക്കാൻ പുല്ലു പറിപ്പിക്കുമെന്നു പേടിച്ച് കരോട്ടെ ജാതിച്ചോട്ടിൽ പോയിരുന്നു പഠിച്ചതാ. മനുഷ്യർക്കിടയിൽ ഇത്രേം മണ്ടികളുണ്ടോ? ഇവക്ക് മേഴ്സിയെ നോക്കി പഠിക്കാമ്മേലേ. മേഴ്സിയോടു കരോട്ടുകാർ ജോലി പറഞ്ഞാലൊടനേ, 'എന്തോ – ഞാനിപ്പം വരാമേ'ന്നു വിളിച്ചു പറഞ്ഞിട്ട്, 'എന്നെ അമ്മ വിളിക്കുന്നു പിന്നെ വരാം' എന്നു പറഞ്ഞ് ഓടിയിങ്ങു പോരും, എന്നിട്ട് ആ പാവത്തിനെ പറഞ്ഞുവിടും, ലിസിമോളേ നിന്നെ ദേ കരോട്ടെയമ്മ വിളിക്കുന്നെന്നു പറയും. ഈ പാവം ഓടിച്ചെന്നു മടയ്ക്കും. ഇതുതന്നെ പരിപാടിയാ. ലിസീടെ തലതൊട്ടത് എന്റെ സാധുവായ അമ്മയല്ലേ, എന്നാൽ മേഴ്സിയുടെ തലതൊട്ടത് കരോട്ടെ അമ്മച്ചി, പേരും അങ്ങനെ തന്നെ. ആ വക്രതയുടെ ഒരംശം മേഴ്സിക്കും, എന്റെ അമ്മേടെ പാവത്തം ലിസിക്കും കിട്ടീട്ടുണ്ട്.

ആഴം കൂടിയ കിണറ്റിൽനിന്ന് വെള്ളം വലിച്ചുവലിച്ച് ലിസി ഒരു പരുവമായി. കട്ടിയുള്ള റബർ ടയറാണ്, കയറിനു പകരം. വലിയ തൊട്ടിയും. തന്റെ അപ്പനാണേൽ തങ്ങളുടെ ആഴം കുറഞ്ഞ കിണറ്റിൽ കനം കുറഞ്ഞ പ്ലാസ്റ്റിക് കയറും ചെറിയ തൊട്ടിയുമാണ് ഇട്ടിരിക്കുന്നത്. കരോട്ടെ കിണറ്റിലേക്ക് തൊട്ടിയിട്ടാൽ അതു നിറയാതെ വലിച്ചെടുക്കണം, പക്ഷേ, എത്ര ശ്രമിച്ചാലും പാളക്കുഴിയിൽ എത്തുമ്പോൾ തൊട്ടിനിറയും. ആയത്തിൽ വെള്ളം വലിച്ചപ്പോൾ ഒരിക്കൽ ലിസിയുടെ കാലുകൾ പൊങ്ങിപ്പോയി കിണറ്റിൽ വീഴാൻ പോയതാണ്. അന്ന് കാലായിലെ അവറാഞ്ചേട്ടൻ ഓടിവന്ന് രക്ഷിച്ചു. എന്നിട്ടും ഹൃദയം കല്ലാക്കിയ വല്യമ്മച്ചിയും കൊച്ചമ്മയും വീണ്ടും ആഴക്കിണറ്റിൽ നിന്ന് വെള്ളം കോരിപ്പിക്കുകയാണ്.

*ശേഷം 12-ാംപേജിൽ*

# നികുതി ഇളച്ചും പിരിച്ചും

1-ാംപേജ് തുടർച്ച



പത്തുശതമാനം മാത്രം വളർച്ച. ജിഎസ്ടി ഇനത്തിലെ നടപ്പുവർഷത്തെ വരുമാനം 10.61 ലക്ഷം കോടിയാണ്. അടുത്ത സാമ്പത്തികവർഷം ജിഎസ്ടിയിൽനിന്ന് 11.78 ലക്ഷം കോടി പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മൂലധനച്ചെലവുകളിലും കാര്യമായ വർധനയില്ലെന്നതാണു കേന്ദ്രബജറ്റിലെ നിരാശാജനകമായ കാര്യം. 2024-25 ൽ പ്രതീക്ഷിക്കുന്ന മൂലധനച്ചെലവു വെറും 11.21 ലക്ഷം കോടി രൂപയാണ്. ഇതുപോലും ചെലവഴിക്കാനിടയില്ല. നടപ്പുവർഷം 11.11 ലക്ഷം കോടി എസ്റ്റിമേറ്റ് ചെയ്തിരുന്നെങ്കിലും പുതിക്കിയ കണക്കിൽ അത് 10.18 ലക്ഷം കോടിയായി കുറഞ്ഞു. ഫലത്തിൽ പ്രതീക്ഷിച്ചതിലും 93,000 കോടി രൂപ കുറവ്.

കുടിവെള്ളവിതരണം പോലുള്ള കാര്യങ്ങളിൽ സർക്കാർ മുതൽമുടക്കു കുറഞ്ഞാൽ രാജ്യവും ജനതയും കഷ്ടത്തിലാകും. ലാഭമുണ്ടെങ്കിലേ സ്വകാര്യ മേഖല മുതൽമുടക്കൂ. വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, കൃഷി അടക്കം പല പ്രധാന മേഖലകളിലും കോർപറേറ്റ് കുത്തകകൾ അമിതലാഭം ഉണ്ടാക്കുന്നതിന്റെ പ്രയാസം രാജ്യത്തെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കുമാണ്. ജനങ്ങളിൽനിന്നു നികുതി പിരിക്കാനും വൻകിടകുത്തകകളെ പ്രോൽസാഹിപ്പിക്കാനുമാകരുത് സർക്കാരുകൾ. സാധാരണക്കാരെയും കർഷകരെയും നികുതിയിൽ നിന്നൊഴിവാക്കി അവന്റെ ജീവിതം ലളിതവും ശോഭനവുമാകുന്ന നല്ലകാലം എന്നെങ്കിലും ഉണ്ടാകേണ്ടതുണ്ട്.

രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദന(ജിഡിപി)വളർച്ച പ്രതീക്ഷിച്ചതുപോലെ ഉയരാത്തതു വലിയ വെല്ലുവിളിയാണ്. അടുത്ത 20 വർഷക്കാലം തുടർച്ചയായി എട്ടു ശതമാനത്തിലേറെ ജിഡിപി വളർന്നാലേ 2027 ൽ വികസിതഭാരതമെന്ന സ്വപ്നം സാക്ഷാത്കരിക്കാനാകൂവെന്നു സർക്കാരിന്റെ സാമ്പത്തികസർവേയിൽ പറയുന്നുണ്ട്. നടപ്പുവർഷം എട്ടുശതമാനം പ്രതീക്ഷിച്ചിരുന്നതിനു പകരം വെറും 6.4 ശതമാനമാണ് കിട്ടിയത്. അടുത്ത സാമ്പത്തികവർഷവും 6.3 മുതൽ 6.8 വരെയേ സർക്കാരിനു പ്രതീക്ഷപോലുമുള്ളൂ. രാജ്യത്തെ കർഷകരുടെ വരുമാനം 2025 ൽ അഞ്ചു വർഷം മുമ്പത്തേതിനേക്കാൾ ഇരട്ടിയാകുമെന്ന വാഗ്ദാനം പാഴായി.

മോഹനവാഗ്ദാനങ്ങളും സർക്കാരിന്റെ പ്രവർത്തനമികവും തമ്മിലുള്ള അന്തരം ഭാവിപുരോഗതിക്കു പ്രശ്നമാണ്. യാഥാർഥ്യബോധത്തോടെയുള്ള സാമ്പത്തിക, സാമൂഹിക വളർച്ച ഉറപ്പാക്കുകയാണു സർക്കാരുകൾ ചെയ്യേണ്ടത്. പക്ഷേ, രാഷ്ട്രീയ നേട്ടങ്ങൾക്കും ഭരണം പിടിക്കുന്നതിനുമായുള്ള രാഷ്ട്രീയക്കാരുടെ കള്ളക്കളികളാണു രാജ്യത്തിന്റെ ദുരന്തം. ■

## ജീവിതനാളങ്ങൾ – 3

സെഡ്

### കാടും നാടും



*കാട്ടുതീ കാടിനെ വിഴുങ്ങിയാലും കാടുകൾ വീണ്ടും ജനിക്കും നാട്ടുകാർ നാടൊഴിഞ്ഞാലോ നാടും കാടും അപ്രത്യക്ഷമാകും.*

പച്ചപ്പുകൾ വാടിത്തുടങ്ങിയ വലിയ വനപ്രദേശം. ആ പ്രദേശത്തിന്റെ ഒത്ത നടുവിലെ അനേകം കുന്നുകളും പുഴകളും വയലുകളും എല്ലാമുള്ള ഫലഭൂയിഷ്ഠമായ കൃഷിയിടം. അവയിലൊന്നിലെ വലിയ വീട്. വീടിന്റെ വിശാലമായ നടുമുറ്റത്ത് കുട്ടിക്കൊമ്പൻ കേശവേന്ദ്രൻ എങ്ങനെ കയറിപ്പറ്റിയെന്ന് ആർക്കുമറിയില്ല. എങ്ങനെയും കേശവേന്ദ്രനെ തുരത്തണം. വീടിന്റെ വിലപ്പിടിപ്പുള്ള ചില്ലലമാരകളും പുസ്തകങ്ങളും ശീതളപാനീയങ്ങളും ധാന്യങ്ങളും ഫലമൂലാദികളും വാഴക്കുലകളുടെ സമൃദ്ധിയറിയിക്കുന്ന അടുക്കളസ്റ്റോറും എല്ലാമടങ്ങിയ തനിക്കിണങ്ങിയ ഈ മഹാമാളിൽനിന്നിറങ്ങില്ല എന്ന നിശ്ചയത്തിലാണു കുട്ടിക്കൊമ്പൻ കേശവേന്ദ്രൻ.

പഠിച്ച പണി പതിനെട്ടും പലരും, എന്തിന്, വനപാലകർവരെ പരീക്ഷിച്ചു. എല്ലാ ശ്രമവും വിഫലം. കൂട്ടത്തിലെ കുറുമ്പനായ എട്ടാംക്ലാസുകാരൻ അനൂപ് മുന്നോട്ടുവന്നു. വലിയ ഒരു വടം ഒരു മിനിലോറിയിൽ ഉടക്കിയിട്ട് അവൻ ലോറി ഡ്രൈവറോടു പറഞ്ഞു: "ഞാൻ ലോറിയിൽ കയറും. പറയുമ്പോൾ ലോറി ഓടിച്ചുകൊള്ളണം." അധികം പ്രായമില്ലാത്ത, അമിതവലുപ്പമില്ലാത്ത കുട്ടിക്കൊമ്പൻ കേശവേന്ദ്രന്റെ മുമ്പിലേക്കു ശർക്കര പുരട്ടിയ വലിയ വടം അനൂപ് എറിഞ്ഞുകൊടുത്തു. പല്ലുകളും തുമ്പിക്കൈയും മാത്രമല്ല, കൈകാലുകളും ഉപയോഗിച്ച് അവൻ വടത്തിൽ കടിച്ചുപിടിച്ചു. അവൻ പിടിവിട്ടില്ല. ലോറി സാവധാനം നീങ്ങി. മിനുസമുള്ള നടുമുറ്റത്തറയിലൂടെ കുട്ടിക്കൊമ്പൻ കേശവേന്ദ്രൻ നിരങ്ങി നിരങ്ങി വീടിന്റെ വിശാലമായ വാതിൽവഴി പുറത്തായി. വനപാലകർ സ്നേഹത്തോടെ കൊമ്പനെ വിളിച്ചു. പഴവും ശർക്കരയും പനയോലകളും വടത്തിൽ കെട്ടിയിടാൻ നാട്ടുകാർ മത്സരിച്ചു. നാട്ടിൽനിന്നു കുട്ടിക്കൊമ്പൻ കേശവേന്ദ്രൻ കാട്ടിലെത്തി. പക്ഷേ, എന്തുചെയ്യാൻ! നാട്ടിലെ മഹാമാളിൽ പൊറുത്തുപഠിച്ച കുട്ടിക്കൊമ്പൻ വളർന്നിട്ടും വലുതായിട്ടും കാട്ടിൽക്കഴിയാൻ ഇഷ്ടപ്പെടുന്നില്ല. നാട്ടിൽത്തന്നെ വസിക്കണം.

*"നാടിന്റെ നന്മ രുചിച്ചുപോയാൽ*
*നാട്ടുകാർ നാടുവിട്ടോടുകില്ല."*





**മാത്യൂസ് ആർപ്പൂക്കര**

## കടലിന്റെ ആഴം

**ഭൂ**മിയുടെ മൂന്നിൽ രണ്ടു ഭാഗവും വെള്ളമാണല്ലോ. മഹാസമുദ്രങ്ങൾ ഭൂമിയെ ആവരണം ചെയ്തുകിടക്കുന്ന കാഴ്ചയുണ്ട്. കടലിന്റെ ശരാശരി ആഴം 13,000 അടിയാണ്. ഒന്നുപമിച്ചാൽ, കേരളത്തിലെ ഏറ്റവും ഉയരംകൂടിയ മലയായ ആനമുടിയേക്കാൾ 5000 ത്തോളം അടി കൂടുതലെന്നു സാരം. എന്നാൽ, പസിഫിക് സമുദ്രത്തിലെ ചില ഭാഗങ്ങൾ 25000 അടിയിലും ആഴത്തിലാണെന്നു കാണാം. ഭൂമിയിലെ ഏറ്റവും ആഴമേറിയ പ്രദേശം പസഫിക് സമുദ്രത്തിലെ മരിയാന കിടങ്ങാണെന്നു പറയണം. അതിന്റെ ആഴം ഏതാണ്ട് 38,500 അടിയാണ്. അതായത് 11,137 മീറ്റർ എന്നു കണക്കാക്കാം. ലോകത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ എവറസ്റ്റിന് 8848 മീറ്ററേ ഉയരമുള്ളൂവെന്നോർക്കണം. എവറസ്റ്റ് പൊക്കിയെടുത്ത് മരിയാന കിടങ്ങിലിട്ടാൽ അതിനുമേലേ ആറായിരത്തോളം അടിവെള്ളം കാണും.

സമുദ്രത്തിൽ ആകെ എന്തു മാത്രം വെള്ളമുണ്ടാകുമെന്നു പറയാമോ? അളക്കാനോ ഗണിക്കാനോ പറ്റാത്തവിധം കടലുകളിൽ വെള്ളമുണ്ടെന്നു പറഞ്ഞ് രക്ഷപ്പെടുകയേ നിവൃത്തിയുള്ളൂ. എന്നാൽ, മറ്റൊരു തരത്തിൽ പറഞ്ഞ് ഇതേപ്പറ്റി കൂടുതൽ വ്യക്തത കൊണ്ടുവരാം. ഭൂമിയിലെ സർവമലകളും കുന്നുകളും സമുദ്രനിരപ്പിൽനിന്നുയർന്നു നിൽക്കുന്ന സകലസ്ഥലങ്ങളും പീഠഭൂമികളും ഇടിച്ചുപൊട്ടിച്ച് കടലിൽ കൊണ്ടിടുകയാണെങ്കിലും കടൽ നികന്നുവരില്ല. മാത്രമല്ല, അതിനുമീതേ, 800 അടി ഉയരത്തിൽ പിന്നെയും കടൽ ഭൂമിയിലെങ്ങും അലതല്ലിക്കിടക്കുന്ന കാഴ്ച കാണാം.




ഭൂമിയെ മുഴുവൻ വിഴുങ്ങിക്കളയാൻ കെല്പുള്ള ഭീമനും ഭീകരനുമാണ് കടലെന്ന് ഇപ്പോൾ മനസ്സിലായല്ലോ. ബൈബിളിൽ പ്രതിപാദിക്കുന്ന നോഹയുടെ കാലത്തെ മഹാപ്രളയം ഇത്തരുണത്തിൽ ചിന്തനീയംതന്നെ. അതുപോലെ കല്പാന്തകാലത്തെ പ്രളയം എന്നു പുരാണങ്ങളിൽ പറയുന്നതും ഇത്തമൊരു സ്ഥിതിവിശേഷമാകാം, ലോജിക്കും വിശ്വാസസംഹിതകളുമൊക്കെ ഒന്നു മാറ്റിനിർത്തിയാൽ ഒന്നുറപ്പിക്കാം: എന്നെങ്കിലും കടലുകൾ വിചാരിച്ചാൽ നമ്മുടെ ഇത്തിരിപ്പോന്ന ഈ കരകളെ വെള്ളത്തിൽ മുക്കിക്കളയാൻ നിഷ്പ്രയാസം സാധിക്കും. (തുടരും)

## കാറ്റിന്റെ മർമരങ്ങൾ

11-ാംപേജ് തുടർച്ച

ലിസി ദേഷ്യമടക്കാൻ കഴിയാതെ പല്ലുകൾ ഞെരിച്ചമർത്തിക്കടിച്ചു.

തറവാട്ടിൽ ഇഷ്ടംപോലെ ഡിക്ഷ്ണറികൾ ഉണ്ട്. ഒരു വാക്കിന്റെ അർഥമറിയാൻ ഒരു ഡിക്ഷ്ണറി ചോദിച്ചപ്പോൾ കൊച്ചമ്മ പറഞ്ഞു: താഴെക്കൊണ്ടുപോയി നോക്കേണ്ട, വാക്കുകൾ കുറിച്ചോണ്ടു വാ, എന്നിട്ട് ഇവിടെയിരുന്നുനോക്കിയാൽ മതി. പത്രമാസികകളും അതുപോലെ തന്നെ. തന്നുവിടില്ല. തറവാട്ടിലിരുന്ന് വായിച്ചോണം. പത്രം വായിക്കാൻ ചെന്നാൽ കരോട്ടെയമ്മ എന്ന് തങ്ങൾ വിളിക്കുന്ന വല്യമ്മച്ചി കുട്ടകംമുതൽ കോളാമ്പിവരെ തേച്ചുമിഴക്കിക്കും, മുറ്റംമാത്രമല്ല പറമ്പു മുഴുവൻ അടിച്ചുവാരി തീയിടീക്കും, കയ്യാലപ്പുറത്തെ പുല്ലുകൾ പറിപ്പിക്കും, കുരുമുളകുകാലമായാൽ മുളകുചരടിലെ മണികൾ പെറുക്കിക്കും, ഇത്തിരി വല്ലോമാണോ മുളകുചരടുകൾ, കുട്ടക്കണക്കിനു കാണും. പെറുക്കിപ്പെറുക്കി നടു കഴയ്ക്കും, തുടകളും കാലുകളും മരയ്ക്കും.

അവൾ ഒരു സാഹസകൃത്യത്തിലേർപ്പെട്ടു. തന്റെ വീട്ടിൽ കൊണ്ടുവന്ന് സ്വൈരമായി വാക്കുകളുടെ അർഥം നോക്കി എഴുതിയെടുക്കാനായി ഡിക്ഷ്ണറി താഴേക്കു കൊണ്ടുവന്നു. കൊച്ചമ്മയോടു പറഞ്ഞു: "ഞാനെളുപ്പംകൊണ്ടെ തിരിച്ചുതരാം."

വല്യമ്മച്ചിയുടെ കാർക്കശ്യമേറിയ സ്വരം ഉയർന്നുകേൾക്കാം താഴത്തെ വീടുവരെ: "ഈ പെണ്ണിനു നാണമില്ലേന്ന്, അവളാ എന്തപ്പനാടി പൊത്തകോം എടുത്തോണ്ടുപോയീന്നു മറിയപ്പെണ്ണ് പറഞ്ഞുകേപ്പിച്ചിട്ടു കുഞ്ഞവറാകെടന്നു കൊലവിളിക്കുന്നു."

"എടീ ലിസീ, പൊസ്തകം കൊണ്ട് എളുപ്പംകൊടെടീ. എന്റെ മക്കൾക്ക് പശൂന്റെ ചാണകം വിൽക്കുമ്പം അമ്മ വാങ്ങിത്തരാം." അതമ്മ ആശ്വസിപ്പിക്കാനായി ചുമ്മാ പറഞ്ഞതാണെന്നു ലിസിക്കറിയാം. വേറേ നൂറുകൂട്ടം അത്യാവശ്യങ്ങൾ ഉണ്ട്. അതിനിടയിലാ ഡിക്ഷ്ണറി വാങ്ങാമ്പോണെ.

അർഥം നോക്കാൻ അമ്മ സമ്മതിച്ചില്ല. ലിസി അതുകൊണ്ടെ വല്യമ്മച്ചിയുടെ കൈയിൽ കൊടുത്തു. വല്യമ്മച്ചി പറഞ്ഞു: "ചോദിച്ചത് ചോദിച്ചു, മേലാൽ ഈ കാര്യോം പറഞ്ഞോണ്ട് ഈ പരിസരത്താരും വന്നേക്കരുത്, പറഞ്ഞേക്കാം."

(തുടരും)

# സുറിയാനിഭാഷ ക്രിസ്തീയപാരമ്പര്യത്തിന്റെ പ്രകാശദീപം: മാർ റാഫേൽ തട്ടിൽ



*വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നടത്തുന്ന അന്തർദേശീയ സുറിയാനി ദൈവശാസ്ത്ര സിമ്പോസിയം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാൻസലറുമായ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുന്നു. പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. പോളി മണിയാട്ട്, റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ ഡോ. എമിഡിയോ വെർഗാനി, സെമിനാരി കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ തോമസ് തറയിൽ, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി റെക്ടർ ഡോ. സ്കറിയാ കന്യാകോണിൽ എന്നിവർ സമീപം.*

കോട്ടയം: സുറിയാനിഭാഷയുടെ പഠനം അപ്പസ്തോലിക പിതാക്കന്മാരുടെ തനതായ അനുഭവങ്ങളും ക്രിസ്തീയപാരമ്പര്യത്തിന്റെ ആഴത്തിലുള്ള ദർശനങ്ങളും അനാവരണം ചെയ്യുന്നതാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാൻസലറുമായ മാർ റാഫേൽ തട്ടിൽ. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നടത്തുന്ന അന്തർദേശീയ സുറിയാനി ദൈവശാസ്ത്ര സിമ്പോസിയം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ.

ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായ സെമിറ്റിക് സംസ്കാരത്തിലും ഭാഷയിലും രൂപംകൊണ്ട ആരാധനക്രമപാരമ്പര്യമാണ് പൗരസ്ത്യസുറിയാനി ആരാധനക്രമം. സ്വന്തമായി ഒരു സംസ്കാരവും പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും നമുക്കുണ്ടെന്നും അവയുടെ വ്യതിരിക്തത നഷ്ടപ്പെട്ടുപോകാതെ സംരക്ഷിക്കേണ്ടതാണെന്ന ബോധ്യം സുറിയാനിക്കത്തോലിക്കാ സമൂഹത്തിനുണ്ടാകണമെന്നും മാർ റാഫേൽ തട്ടിൽ ഓർമിപ്പിച്ചു.

സെമിനാരി കമ്മീഷൻ ചെയർമാനും ചങ്ങനാശേരി ആർച്ചുബിഷപ്പുമായ മാർ തോമസ് തറയിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രഫസറും സുറിയാനി ഭാഷാപണ്ഡിതനുമായ ഡോ. സെബാസ്റ്റ്യൻ ബ്രോക്കിന്റെ ആശംസ വായിച്ചു. സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി റെക്ടർ ഫാ. ഡോ. സ്കറിയ കന്യാകോണിൽ, പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഫാ. ഡോ. പോളി മണിയാട്ട് എന്നിവർ പ്രസംഗിച്ചു.

മൂന്നു ദിവസങ്ങളിലായി നടന്ന അന്തർദേശീയ സുറിയാനി സിമ്പോസിയത്തിൽ സുറിയാനി പൈതൃകത്തോടു ബന്ധപ്പെട്ട പരമ്പരാഗതക്രൈസ്തവ കലകളുടെ അവതരണവും നടന്നു. സുറിയാനിപാരമ്പര്യത്തിന്റെ ദൈവശാസ്ത്രപരവും സാംസ്കാരികവുമായ കാര്യങ്ങൾ അപഗ്രഥിക്കുന്ന 15 പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മാർത്തോമ്മാശ്ലീഹായുടെ പൈതൃകം പിന്തുടരുന്ന ആറു വ്യത്യസ്ത സഭാക്കൂട്ടായ്മകളിൽനിന്നായി ദൈവശാസ്ത്രജ്ഞരും ദൈവശാസ്ത്ര വിദ്യാർഥികളുമടക്കം അഞ്ഞൂറോളം പേർ പങ്കെടുത്തു.



*ഓസ്ട്രേലിയയിലെ നോർത്തേൺ ടെറിറ്ററിയിലെ മന്ത്രിയും മെൽബൺ സീറോമലബാർ രൂപതാംഗവുമായ പാലാ മൂന്നിലവ് സ്വദേശി ജിൻസൺ ചാൾസ് പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിനെ സന്ദർശിച്ചപ്പോൾ. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, ഡോ. ജോസ് മുത്തനാട്ട്, ഫാ. മാണി കൊഴുപ്പൻകുറ്റി തുടങ്ങിയവർ സമീപം.*



*കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 25-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘമഹോത്സവത്തിന്റെയും ഉദ്ഘാടനകർമം സഹകരണതുറമുഖ ദേവസ്വം വകുപ്പുമന്ത്രി വി.എൻ. വാസവനും കൃഷിവകുപ്പുമന്ത്രി പി. പ്രസാദും ചേർന്നു നിർവഹിക്കുന്നു.*

# യുജിസി ചട്ടഭേദഗതി: അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്



*യു.ജി.സി. റെഗുലേഷൻസ് 2025 കരടുരേഖ വിശകലനം ചെയ്യുന്നതിനായി സീറോ മലബാർ സിനഡിന്റെ വിദ്യാഭ്യാസത്തിനായുള്ള കമ്മീഷൻ ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളജിൽ സംഘടിപ്പിച്ച സിമ്പോസിയം ഉന്നത വിദ്യാഭ്യാസത്തിനായുള്ള സിനഡൽ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. റവ. ഡോ. ജോബി ജേക്കബ്, ഫാ. റെജി പ്ലാത്തോട്ടം, ആർച്ചുബിഷപ് മാർ തോമസ തറയിൽ, ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, ഫാ. ഡൊമിനിക് തുടങ്ങിയവർ സമീപം.*

ചങ്ങനാശേരി: ന്യൂനപക്ഷ മാനേജുമെന്റുകൾക്കു ഭരണഘടന നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് സീറോ മലബാർ സഭയുടെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള സിനഡൽ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട്. യുജിസി റെഗുലേഷൻസ് 2025 കരടുരേഖ വിശകലനം ചെയ്യുന്നതിനായി സീറോ മലബാർ സിനഡിന്റെ വിദ്യാഭ്യാസത്തിനായുള്ള കമ്മീഷൻ ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളജിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കുന്നതിനൊപ്പം പാവപ്പെട്ടവരെ അവഗണിക്കുന്ന നിലപാടുകൾക്കു പുതിയ കരടിൽ സാധ്യത കാണുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. ഉന്നതവിദ്യാഭ്യാസമേഖലയെ ദുർബലപ്പെടുത്തുന്നതും തകർക്കുന്നതുമായ നിഗൂഢ അജണ്ട പുതിയ കരടിൽ കാണുന്നതായും ഭരണഘടന നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടാൻ പാടില്ലെന്നും ആർച്ചുബിഷപ് പറഞ്ഞു. നിയമനത്തിന് അവകാശമില്ലെങ്കിൽ സ്ഥാപനങ്ങൾ നടത്തിയിട്ടെന്തു കാര്യമെന്നും മാർ തോമസ് തറയിൽ ചോദിച്ചു.

സഭയും സമുദായവും നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും മനസ്സിലാക്കാനും ചർച്ച ചെയ്യാനും സഭാംഗങ്ങൾ തയ്യാറാകണമെന്നും ആധുനികയുഗത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് അനിവാര്യമായ മാറ്റങ്ങൾക്കു സഭ സജ്ജമാകണമെന്നും തലശ്ശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി അഭിപ്രായപ്പെട്ടു.

സിനഡൽ കമ്മീഷൻ സെക്രട്ടറി എസ്ബി കോളജ് പ്രിൻസിപ്പൽ ഫാ. റെജി പ്ലാത്തോട്ടം, ജനറൽ എജ്യുക്കേഷൻ സെക്രട്ടറി ഫാ. ഡൊമിനിക് അയലൂപ്പറമ്പിൽ, കൂത്തുപറമ്പ് നിർമലഗിരി കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജോബി ജേക്കബ് എന്നിവർ വിഷയാവതരണം നടത്തി.

സീറോ മലബാർ സഭയുടെ വിവിധ കോളജുകളിൽനിന്നുള്ള മാനേജർമാർ, പ്രിൻസിപ്പൽമാർ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.



*സ്വാതന്ത്ര്യസമരസേനാനിയും നിയമസഭാ സ്പീക്കറുമായിരുന്ന ശ്രീ. ആർ.വി. തോമസിന്റെ 70-ാം ചരമവാർഷിക അനുസ്മരണസമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. കെ. മുരളീധരൻ, പ്രൊഫ. പി.ജെ. കുര്യൻ, ആർ.വി. തോമസ് പുരസ്കാര ജേതാവ് ജോൺ കച്ചിറമറ്റം, ഡോ. സിറിയക് തോമസ് തുടങ്ങിയവർ സമീപം.*

# മുല്ലപ്പെരിയാർ അണക്കെട്ട്

# ജനങ്ങളുടെ ആശങ്കയകറ്റണം



**തോമസ് കുഴിഞ്ഞാലിൽ**

"മുല്ലപ്പെരിയാർ അണക്കെട്ടിനു സുരക്ഷാഭീഷണിയുണ്ടെന്നത് ആശങ്ക മാത്രമാണ്. ആകാശം ഇടിഞ്ഞു വീഴുമെന്ന് ഒരു കാർട്ടൂൺകഥാപാത്രം ഭയപ്പെടുന്നതുപോലെ. ഒന്നരവർഷത്തോളം ഈ ഭീഷണിക്കു കീഴിൽ ഞാൻ താമസിച്ചിട്ടുണ്ട്. 135 വർഷത്തെ മഴക്കാലം അതിജീവിച്ച അണക്കെട്ടാണത്."

മുല്ലപ്പെരിയാർവിഷയവുമായി ബന്ധപ്പെട്ട് കോതമംഗലം സ്വദേശി ഡോ. ജോ ജോസഫ് നല്കിയ ഹർജി പരിഗണിച്ച സുപ്രിംകോടതി ജഡ്ജി ജസ്റ്റിസ് ഋഷികേശ് റോയ് നടത്തിയ പരാമർശങ്ങളാണ് മുകളിൽ കുറിച്ചത്.

ജനുവരി 29-ാം തീയതി ബുധനാഴ്ചയിലെ ദിനപത്രങ്ങളിൽ വന്ന ഈ വാർത്തയിലൂടെ കടന്നുപോയപ്പോൾ ഒരു കാര്യം എനിക്കു ബോധ്യമായി. സംസ്ഥാനസർക്കാരിനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കോ പൊതുപ്രവർത്തകർക്കോമാത്രമല്ല, സുപ്രീംകോടതി ജഡ്ജിമാർക്കുപോലും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ചരിത്രത്തെക്കുറിച്ച് അറിവില്ലെന്ന യാഥാർഥ്യം. 1895 ഒക്ടോബർ 10-ാം തീയതി ബ്രിട്ടീഷ്സർക്കാർ കമ്മീഷൻ ചെയ്ത മുല്ലപ്പെരിയാർ അണക്കെട്ടിനെക്കുറിച്ചുതന്നെയാണോ ഇവരൊക്കെ അഭിപ്രായം പറയുന്നതെന്നു തോന്നിപ്പോകും. കമ്മീഷൻ ചെയ്തശേഷം കഴിഞ്ഞവർഷം ഒക്ടോബർ 10-ാം തീയതി അണക്കെട്ട് '129 വർഷത്തെ മഴക്കാലങ്ങളെ അതിജീവിച്ചു.' ഇപ്പോഴാകട്ടെ, 130-ാം വർഷത്തിൽ എത്തിനില്ക്കുന്നു. അങ്ങനെയെങ്കിൽ '135 വർഷത്തെ മഴക്കാലത്തിന്റെ' കണക്ക് ജഡ്ജിക്ക് എവിടെനിന്നു കിട്ടി?

**പെരിയാർ പാട്ടക്കരാറും മുല്ലപ്പെരിയാർ അണക്കെട്ടും**

ബ്രിട്ടീഷ്സർക്കാരിനു കീഴിലുള്ള മദ്രാസ് പ്രസിഡൻസിയിലെ തേനി, ഡിണ്ടിഗൽ, മധുര, ശിവഗംഗ, രാമനാഥപുരം എന്നീ അഞ്ചു ജില്ലകളിലെ ജലസേചനത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി ബ്രിട്ടീഷ്സർക്കാർ തയ്യാറാക്കിയ പദ്ധതിയാണ് 'മുല്ലപ്പെരിയാർ ജലസേചനപദ്ധതി.' ജലസമൃദ്ധമായ പെരിയാറിനെ അണകെട്ടി നിറുത്തി സംഭരിക്കുന്ന വെള്ളം ടണൽ നിർമിച്ച് മദ്രാസ് പ്രസിഡൻസിയിലെ വൈഗനദിയിലേക്കു വഴിതിരിച്ചുവിടുന്ന പദ്ധതിയായിരുന്നു അത്. അപ്രകാരം അണകെട്ടി സംഭരിക്കുന്ന വെള്ളം 8,000 ഏക്കറോളം നിബിഡവനം മൂടിക്കളയുമെന്നു മനസ്സിലാക്കിയ തിരുവിതാംകൂർ മഹാരാജാവ് ശ്രീ വിശാഖം തിരുനാൾ ബ്രിട്ടീഷുദ്യോഗസ്ഥരുടെ ദുശ്ശാഠ്യത്തിനുമുമ്പിൽ കീഴടങ്ങി കരാറിൽ ഏർപ്പെടാൻ സമ്മതിക്കുകയായിരുന്നു. കേട്ടുകേൾവിപോലുമില്ലാത്ത 999 വർഷത്തെ പാട്ടക്കരാറിൽ ഒപ്പിടാനാണ് മഹാരാജാവ് നിർബന്ധിക്കപ്പെട്ടത്. ഉടമ്പടിയിലെ പല നിബന്ധനകളോടും വിയോജിപ്പുണ്ടായിരുന്നതിനാൽ കരാറിൽ ഒപ്പിടാൻ ദിവാൻ വി. രാമയ്യങ്കാറിനോട് അദ്ദേഹം നിർദേശിക്കുകയായിരുന്നു.

1886 ഒക്ടോബർ 29 ലെ പെരിയാർ പാട്ടക്കരാർ പ്രകാരം 1887 ൽ നിർമാണമാരംഭിച്ച അണക്കെട്ട്, എട്ടു വർഷത്തെ കഠിനാധ്വാനത്തിലൂടെയാണു പൂർത്തിയാക്കിയത്. ബ്രിട്ടീഷുകാരനായ ചീഫ് എഞ്ചിനീയർ കേണൽ ജോൺ പെന്നികിക് നിർമാണത്തിനു മേൽനോട്ടം വഹിച്ചു. നിർമാണം പൂർത്തിയാക്കിയ അവസരത്തിൽ 'അണക്കെട്ട് അമ്പതോ അറുപതോ വർഷം നില്ക്കുമായിരിക്കും' എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നുവെന്നു പറയപ്പെടുന്നുണ്ട്. കേണൽ പെന്നികിക്കിന്റെ മരണശേ



ഷവും മുല്ലപ്പെരിയാർ അണക്കെട്ട് 114 വർഷത്തെ മഴക്കാലത്തെ അതിജീവിച്ചുകഴിഞ്ഞിരിക്കുന്നു.

**വിചിത്രമായ പാട്ടക്കരാർ**

തിരുവിതാംകൂർ മഹാരാജാവും ബ്രിട്ടീഷ് സർക്കാരും തമ്മിൽ ഏർപ്പെട്ട 1886 ഒക്ടോബർ 29 ലെ പെരിയാർ ലീസ് എഗ്രിമെന്റ് കാലഹരണപ്പെട്ടുവെന്നു തെളിയിക്കുകയാണ് മുല്ലപ്പെരിയാർ കേസ് വിജയിക്കാനുള്ള ഏകപോംവഴി. അത്യന്തം വിചിത്രമെന്നു തോന്നുന്ന ഈ പാട്ടക്കരാറിനു നിശ്ചയിച്ചിട്ടുള്ള കാലാവധി 999 വർഷങ്ങൾ! ബ്രിട്ടീഷ്ഭരണകാലത്തെ ഏതു പാട്ടക്കരാർ പരിശോധിച്ചാലും അവയുടെ കാലാവധി 99 വർഷമാണ്. 999 വർഷക്കരാർ ലോകത്ത് അസാധാരണമാണെന്ന് മുല്ലപ്പെരിയാർ പ്രത്യേക സെല്ലിന്റെ അധ്യക്ഷനായിരുന്ന എം.കെ. പരമേശ്വരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആദ്യ 999 വർഷം പിന്നിട്ടുകഴിയുമ്പോൾ ഇരുകൂട്ടർക്കും സമ്മതമാണെങ്കിൽ നിലവിലുള്ള വ്യവസ്ഥകളിന്മേൽ മറ്റൊരു 999 വർഷംകൂടി കരാർ പുതുക്കാവുന്നതാണെന്ന് എഴുതിവച്ചിട്ടുണ്ടത്രേ! അപ്പോൾ എ ഡി 3884 വരെ നീളുന്ന ഒരു കാലാവധിവരെ പെരിയാർ ലീസ് എഗ്രിമെന്റിനു പ്രാബല്യമുണ്ട്. എന്തൊരു വിരോധാഭാസമാണിത്? ഒരു അണക്കെട്ടിന്റെ പരമാവധി ആയുസ്സ് 75 വർഷമാണെന്ന് ലോക ഡാം സുരക്ഷാ അതോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ അണക്കെട്ടുകൾ ഡീകമ്മീഷൻ ചെയ്യുകതന്നെവേണം. അപ്പോൾ, 999 വർഷം നീളുന്ന പെരിയാർ ലീസ് എഗ്രിമെന്റ് കരാറിന്റെ രൂപീകരണസമയത്തുതന്നെ അസാധുവായി പരിഗണിക്കണം. അങ്ങനെ വരുമ്പോൾ, കേരളമുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ 29-10-1970 ൽ പുതുക്കിനല്കിയ കരാറും അസാധുവാകും. നിയമസഭയുടെയോ മന്ത്രിസഭയുടെയോ അനുവാദമില്ലാതെയാണ് അച്യുതമേനോൻ 1954 മുതൽ മുൻകാലപ്രാബല്യത്തോടെ പാട്ടക്കരാർ പുതുക്കിനല്കിയത്.

തിരുവിതാംകൂർ നാട്ടുരാജ്യവും ബ്രിട്ടീഷ്സർക്കാരുമായി ഏർപ്പെട്ട പാട്ടക്കരാർ ഭാരതം സ്വാതന്ത്ര്യം നേടിയതോടെ റദ്ദാവുകയും, ഇന്ത്യൻ ഇൻഡിപെൻഡന്റ് ആക്ട് 177-ാം വകുപ്പുപ്രകാരം നാട്ടുരാജ്യത്തെ ഉൾക്കൊണ്ട സംസ്ഥാനവും ഭാരതസർക്കാരും തമ്മിലുള്ള കരാറായി മാറുകയും ചെയ്തു. ബ്രിട്ടീഷ് ഇന്ത്യയുടെ തുടർച്ച കേന്ദ്രസർക്കാരിലും തിരുവിതാംകൂറിന്റേത് കേരളസംസ്ഥാനത്തിലും നിക്ഷിപ്തമായി. കരാറിന്റെ ഒരു ഘട്ടത്തിലും കേരളസംസ്ഥാനവും തമിഴ്നാടും കക്ഷികളായിരുന്നില്ല.

**ബലക്ഷയം ബാധിച്ച അണക്കെട്ട്**

നിർമാണാവസരംമുതൽ കണ്ടുതുടങ്ങിയ ചോർച്ചകളടയ്ക്കാൻ 1922, 1930, 1935, 1950, 1954 വർഷങ്ങളിൽ സിമന്റുപയോഗിച്ച് ഗ്രൗട്ടിങ് നടത്തിയതായി രേഖകളുണ്ട്. 1954 ലെ ഗ്രൗട്ടിങ്ങിനുമാത്രം 500 ടൺ സിമന്റുപയോഗിച്ചു. അണക്കെട്ടിനു ബലക്ഷയമുണ്ടെന്നു കണ്ടെത്തിയ കേന്ദ്രവാട്ടർ കമ്മീഷൻ ഇരുസംസ്ഥാനങ്ങളിലെയും വിദഗ്ധരായ എഞ്ചിനീയർമാരുടെ അടിയന്തരയോഗം വിളിച്ചുചേർക്കുകയും വിശദമായ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 1979 നവംബർ 25-ാം തീയതി ചേർന്ന സംയുക്തസമ്മേളനത്തിൽ ഹ്രസ്വകാലനടപടിയായി ബലപ്പെടുത്തലുകൾ തുടരാനും, ദീർഘകാലനടപടിയായി ഇപ്പോഴുള്ള അണക്കെട്ടിനു താഴെ പുതിയൊരെണ്ണം നിർമിക്കാനും ധാരണയായി. തേക്കടിത്തടാകത്തിലെ ജലനിരപ്പ് 136 അടിയായി നിശ്ചയിച്ചത് ഈ സമ്മേളനത്തിലായിരുന്നു.

കേന്ദ്രവാട്ടർ കമ്മീഷന്റെ നിർദേശമനുസരിച്ച് താഴെപ്പറയുന്ന രീതിയിൽ മൂന്നു ബലപ്പെടുത്തലുകൾ ചെയ്തതായി തമിഴ്നാട് അവകാശപ്പെട്ടിട്ടുണ്ട്.

ഒന്ന്, ഒരു മീറ്ററിന് 12 ടൺ കോൺക്രീറ്റു വീതം 374 മീറ്റർ നീളത്തിൽ ക്യാപ്പിങ് നടത്തി.

രണ്ട്, 10 മീറ്റർ ഘനത്തിൽ കോൺക്രീറ്റുഭിത്തി കെട്ടി പുറംഭിത്തിക്ക് അധികബലം നല്കി.

മൂന്ന്, 102 ഉരുക്കുസിലിണ്ടറുകൾ 10 അടിയോളം അടിപ്പാറയിലേക്കിറക്കി സിമന്റു നിറച്ച് കേബിൾ ആങ്കറിങ് നടത്തി. ഇത്തരം ബലപ്പെടുത്തലുകൾ നടത്തിയശേഷം ജലനിരപ്പ് 152 അടിയിലേക്ക് ഉയർത്തണമെന്ന ആവശ്യവുമായി സുപ്രീംകോടതിയെ സമീപിച്ച തമിഴ്നാടിനനുകൂലമായി 142 അടിയിലേക്ക് ജലനിരപ്പുയർത്താനുള്ള ഉത്തരവിറങ്ങി.

അണക്കെട്ടിന്റെ അടിത്തട്ടിൽനിന്ന് നൂറടി ഉയരത്തിൽ നെടുനീളത്തിലുള്ള ഒരു വിള്ളൽ രൂപപ്പെട്ടിട്ടുണ്ടെന്നു കണ്ടെത്തിയിട്ട് നാളുകളായി. ഇവിടെവച്ച് ജലഭാഗത്തേക്ക് അണക്കെട്ട് ഒടിഞ്ഞുനില്ക്കുന്നതായും പരിശോധനയിൽ തെളിഞ്ഞുവെന്നും പറയപ്പെടുന്നു. ഡൽഹിയിലെയും റൂർക്കിയിലെയും സാങ്കേതികവിദഗ്ധർ അണക്കെട്ടിന്റെ മുകൾഭാഗത്തുനിന്നു താഴേക്ക് വിവിധ സ്ഥലങ്ങളിൽ ബോർഹോളുകൾ കുഴിച്ച് റിമോട്ട് ഓപ്പറേറ്റിങ് വീഹിക്കിൾ കടത്തിവിട്ടപ്പോൾ ഉപകരണം പൊള്ളയായ ഭാഗങ്ങളിലൂടെയാണു കടന്നുപോയതെന്നു തെളിഞ്ഞിട്ടുണ്ട്. ബാഹ്യഭാഗത്തു ചെയ്തിട്ടുള്ള പണികൾ ഒരു പുതിയ അണക്കെട്ടിന്റെ പ്രതീതി ജനിപ്പിക്കുമെങ്കിലും അകം പൊള്ളയായിത്തുടരുന്നത് അത്യന്തം അപകടകരമായ സ്ഥിതിവിശേഷമാണ്. വെള്ളം താഴ്ന്നുനില്ക്കുന്ന അവസരങ്ങളിൽ ഡാമിനടുത്തേക്കു ബോട്ടുയാത്ര നടത്തിയിട്ടുള്ള വിനോദസഞ്ചാരികൾ അണക്കെട്ടിന്റെ ഉൾഭാഗം നമ്മുടെ നാട്ടിലെ പഴയ കയ്യാലകൾക്കു സമാനമാണെന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കാട്ടുകല്ലുകൾ അടുക്കിവച്ച ഒരു കൽക്കെട്ടുമാത്രമായി അണക്കെട്ടു രൂപംപ്രാപിച്ചിരിക്കുന്നു. കല്ലുകളെ തമ്മിൽ ചേർത്തുവച്ചിരുന്ന സുർക്കിമിശ്രിതത്തിന്റെ 60 ശതമാനവും ഒലിച്ചുപോയതായും കണ്ടെത്തി.

ജസ്റ്റിസ് ഋഷികേശ് റോയിയുടെ പരാമർശങ്ങളെ ഖണ്ഡിക്കുന്ന ഒരു ചോദ്യം നാലു വർഷംമുമ്പ് പരമോന്നതകോടതിയിൽനിന്നുതന്നെ ഉണ്ടായിട്ടുള്ളത് ഇപ്പോൾ ഓർക്കുന്നു: "125 വർഷം പഴക്കമുള്ള ബലക്ഷയം ബാധിച്ച അണക്കെട്ടിന്റെ അടിയിൽകിടന്ന് നിങ്ങൾ ഉറങ്ങുകയാണോ? കേന്ദ്ര-കേരള-തമിഴ്നാടു സർക്കാരുകൾ അവസരത്തിനൊത്ത് ഉയരാത്തതെന്ത്?"

അന്തർസംസ്ഥാനതർക്കങ്ങളിൽ മധ്യസ്ഥത വഹിക്കാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും പ്രധാനമന്ത്രിക്കും കേന്ദ്രസർക്കാരിനും അധികാരമുണ്ടായിരിക്കേ, ഇക്കാര്യത്തിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ വൈകുന്നത് ആപത്കരമായ സ്ഥിതിവിശേഷമാണ്. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാടു സ്വീകരിക്കുന്ന തമിഴ്നാട്ടിലെ നേതാക്കളെ അനുനയിപ്പിക്കാൻ പ്രധാനമന്ത്രിക്കു കഴിയും. ലോകം അവസാനിക്കുന്ന കാലംവരെയും തമിഴ്നാടിനു വെള്ളം നൽകാൻ നാം തയ്യാറാണ്; പക്ഷേ, ഏതു നിമിഷവും തകർന്നുവീണേക്കും എന്നു ഭയപ്പെടുന്ന ഒരു അണക്കെട്ടിനു താഴെ ജീവിക്കുന്ന ലക്ഷക്കണക്കായ മനുഷ്യരും അവരുടെ ജീവജാലങ്ങളും വസ്തുവകകളും സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമല്ലേ?

ഒന്നരവർഷത്തോളം ഈ ഭീഷണിക്കു കീഴിൽ താമസിച്ചിരുന്നുവെന്നു പറയുന്ന ജസ്റ്റീസ് ഋഷികേശ് റോയി എവിടെയാണ് താമസിച്ചിരുന്നതെന്നു വ്യക്തമാക്കിയിട്ടില്ല. കേരളഹൈക്കോടതിയിൽ ജഡ്ജിയായിരിക്കേ കൊച്ചിയിൽ എവിടെയെങ്കിലും താമസിച്ചിട്ടുണ്ടാകാം. അതോ, അണക്കെട്ടിന്റെ താഴ്ഭാഗത്തെവിടെയെങ്കിലുമാകുമോ താമസിച്ചിട്ടുണ്ടാവുക? മുല്ലപ്പെരിയാർ അണക്കെട്ട് ഏതെങ്കിലും ഒരുകാലത്തു തകരുന്നപക്ഷം വള്ളക്കടവുമുതൽ ഇടുക്കി അണക്കെട്ടുവരെയും, കൊച്ചിയുൾപ്പെടെയുള്ള അനേകം പട്ടണങ്ങളും ഭൂമിയിൽനിന്ന് അപ്രത്യക്ഷമാകും. മധ്യകേരളത്തെ ചെളിയിൽ മുക്കി ഇല്ലായ്മ ചെയ്യാൻ കെല്പുള്ള ഒരു 'ജലബോംബാ'ണു തലയ്ക്കുമുകളിൽ നില്ക്കുന്നതെന്ന യാഥാർഥ്യം വിസ്മരിച്ചുകൂടാ.

■

Deepanalam Weekly
RNI No : 16998/68
Vol. 57 No. 48 Date of Publication 6 February 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP

SINCE 2005

# അച്ചായൻസ്
## ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

**Ph: 9072 388 172 | 8590 046 916**

**CASH FOR GOLD**




# ECO FRIENDLY WATER FILTER

**PH: 7012922183**

ഒരു വീട്ടിലെ മുഴുവൻ പൈപ്പിലും മണവും നിറവും ചെളിയും മറ്റു മാലിന്യവുമില്ലാതെ ശുദ്ധജലം കടത്തിവിടുന്നു - ഒറ്റ വെസൽ ഫിൽറ്ററിലൂടെ

രാസവസ്തുക്കൾ ഉപയോഗിക്കുന്നില്ല 5 വർഷം ഫ്രീ സർവീസ് വാറന്റി
പൈപ്പ് ലൈനുകൾ ബ്ലോക്ക് ആകുന്നതു തടയുന്നു ഒറ്റത്തവണ മുതൽമുടക്ക്

5 YEARS WARRANTY

## ഇനി കുടിക്കുന്ന വെള്ളത്തെ ധൈര്യമായി വിശ്വസിക്കാം !

ജലജന്യരോഗങ്ങൾക്കൊരു പ്രതിവിധി...

WATER FILTERING SYSTEMS

- വൈദ്യുതി ആവശ്യമില്ല
- ഒരു കെട്ടിടത്തിലെ മുഴുവൻ പൈപ്പുലൈനിലേക്കും ശുദ്ധജലം ലഭിക്കുന്നു
- ക്ലീനിങ് വളരെയെളുപ്പം
- കുറഞ്ഞ ചെലവ്
- കേരളത്തിൽ എവിടെയും സർവീസ്



നിങ്ങൾ ഉപയോഗിക്കുന്ന ജലം മലിനമാണെന്നതിന്റെ അടയാളങ്ങൾ

മഞ്ഞ വെള്ളം | പതയാത്ത സോപ്പ് | തുരുമ്പിച്ച കറ | രുചിവ്യത്യാസം

# സ്നേഹസ്മരണയ്ക്ക്

## അഞ്ചാം ചരമവാർഷികം
10 – 02 – 2025



## ജോർജ് തോമസ്
### തോണിക്കുഴിയിൽ, പാലാ

ജനനം: 02–01–1949 മരണം: 10–02–2020

"ഞാൻ നിങ്ങളിൽനിന്നു വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ."

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ചിന്നമ്മ ജോർജ് (ഭാര്യ), നിമ്മി, ജയേഷ് (മക്കൾ). മരുമക്കൾ: ഷിബു ഐപ്പൻപറമ്പിക്കുന്നേൽ, അഞ്ജു മാളിയേക്കൽ. കൊച്ചുമക്കൾ: റെയ്‌വാൻ, റീത്തിയ, ഇവാന, എവ്‌ലിൻ, എഡ്രിക്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org